


# ഉള്ളടക്കം

ഇടയലേഖനം................................................ 03

Bishop's Engagement................................. 12

From the Bishop's Office.......................... 13

വൈദികരുടെ സ്ഥലംമാറ്റം........................... 15

നിത്യാരാധനാ കപ്പേള.................................. 17

വിശ്വാസപരിശീലനവേദി............................... 18

ബൈബിൾ അപ്പോസ്തലേറ്റ്........................... 22

തിരുബാലസഖ്യം......................................... 23

കെ.സി.വൈ.എം......................................... 25

ഫാമിലി അപ്പോസ്തലേറ്റ്.............................. 27

സെമിനാരി വാർത്തകൾ............................. 28

മാതൃസംഘം............................................... 29

സീനായ് ധ്യാനകേന്ദ്രം................................ 32

സെഹിയോൻ ധ്യാനകേന്ദ്രം......................... 33

നവീകരണമുന്നേറ്റം.................................... 34

ചെറുപുഷ്പ മിഷൻ ലീഗ്............................. 34

പി. എസ്. എസ്. പി.................................... 35

From the Bishop's Diary............................. 38

98/2011
26-02-2011

## ഇടയലേഖനം-109

**ജേക്കബ് മനത്തോടത്ത്**

ദൈവത്തിന്റെ കാരുണ്യത്താലും അനുഗ്രഹത്താലും
**പാലക്കാട് രൂപതയുടെ മെത്രാൻ**
**മാർ ജേക്കബ് മനത്തോടത്ത്**
രൂപതാംഗങ്ങളായ വൈദികർക്കും സന്യസ്തർക്കും
സഹോദരീസഹോദരന്മാർക്കും കുട്ടികൾക്കും എഴുതുന്നത്.

**മിശിഹായിൽ പ്രിയപ്പെട്ടവരെ,**

നമ്മുടെ ആത്മനവീകരണത്തിനുള്ള അതിപ്രധാനമായ അവസരമാണ് വലിയ നോമ്പുകാലം. പതിവിൽക്കവിഞ്ഞ പ്രാർത്ഥനകളും ഉപവിപ്രവർത്തനങ്ങളും പാപങ്ങളെക്കുറിച്ചുള്ള പശ്ചാത്താപവും തപശ്ചര്യകളും ഉപവാസവുമെല്ലാം ഇതിന്റെ ഭാഗമാണ്. പക്ഷേ പൊള്ളയായ പാപബോധവും ഉള്ളിൽത്തട്ടാത്ത പരിഹാരകർമ്മങ്ങളും ചടങ്ങുപോലെ നടത്തുന്ന കുരിശിന്റെ വഴികളും നോമ്പാചരണത്തെ പുണ്യപ്പെട്ടതാക്കി മാറ്റുകയില്ല. അതുകൊണ്ട് പ്രാർത്ഥനയിലും ഉപവാസത്തിലും നാല്പതുനാൾ മരുഭൂമിയിൽ കഴിഞ്ഞ ഈശോയുടെ മാതൃക മുൻനിറുത്തി എങ്ങനെ ഈ നോമ്പുകാലം ഫലപ്രദമാക്കാം എന്നാണ് നാം ചിന്തിക്കേണ്ടത്.

ഉയിർപ്പുതിരുനാളിനുഒരുക്കമായാണ് വലിയ നോമ്പാചരണം നാം നടത്തുന്നത്. ഈശോ നാല്പതുദിവസം മരുഭൂമിയിൽ ഉപവാസത്തിലും പ്രാർത്ഥനയിലും കഴിഞ്ഞതിന്റെ അടുത്ത അനുകരണമാണ് ഈ തപസ്സുകാലം. നാല്പതു ദിവസങ്ങൾ സീനായ്മലയിൽ കഴിഞ്ഞ മോശയുടെയും (പുറ. 24: 18) നാല്പതു വർഷങ്ങൾ മരുഭൂമിയിൽ അലയേണ്ടിവന്ന ഇസ്രായേൽ ജനത്തിന്റെയും നാല്പതു ദിനരാത്രങ്ങൾ മരുഭൂമിയിലൂടെ സഞ്ചരിച്ച ഏലിയായുടെയും (1 രാജാ. 19: 8)





അനുഭവങ്ങൾ ഈശോയുടെ നാല്പതു ദിവസത്തെ തപസ്സിന്റെ പിന്നിലുണ്ടായിരുന്നു.

ആത്മാവ് ഈശോയെ മരുഭൂമിയിലേക്ക് നയിച്ചു എന്നാണ് വി. ലൂക്കായുടെ (4:1) സാക്ഷ്യം. ജോർദ്ദാൻ നദിയിൽ യോഹന്നാനിൽനിന്ന് മാമ്മോദീസ സ്വീകരിച്ച് പരിശുദ്ധാത്മാവിനാൽ നിറഞ്ഞ ഈശോയ്ക്ക് ആദ്യം മരുഭൂമിയിലേക്കേ പോകാൻ കഴിയുമായിരുന്നുള്ളൂ എന്നർത്ഥം. എന്തുകൊണ്ട് മരുഭൂമി? ഒന്നും എടുക്കാനി ല്ലാത്ത, വെള്ളമോ ജീവന്റെ തുടിപ്പോ തണുത്ത കാറ്റുപോലുമോ ഇല്ലാത്ത വരണ്ട മണൽപ്പരപ്പാണത്. ആത്മാവിൽശക്തിപ്പെട്ട ഈശോ ഭൂമിയുടെ സകല ഫലങ്ങളും തണലും സൗകര്യങ്ങളും സാന്ത്വനങ്ങളും തത്ക്കാലത്തേക്ക് ത്യജിച്ചു ദൈവത്തിന്റെ മുമ്പിൽ ഒറ്റക്ക് കഴിഞ്ഞു. ഈശോയുടെ നോമ്പാചരണത്തിന്റെ സവിശേഷമായ ഒരു ഭാഗമാണിത്. ഇക്കാര്യമാണ് ഇപ്രാവശ്യത്തെ നോമ്പുകാലത്ത് പ്രത്യേകമായി നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നത്.

നമ്മുടെ നോമ്പുകൊണ്ട് ദൈവത്തിനും മനുഷ്യർക്കും പ്രകൃതിക്കും നമ്മുടെ ജീവിതത്തിൽ കൂടുതൽ ഇടം കിട്ടണം. നാം ചെയ്യുന്ന എല്ലാ പരിത്യാഗപ്രവൃത്തികൾക്കും ഈ അർത്ഥമാണുണ്ടാകേണ്ടത്. ഉദാഹരണത്തിന്, ഉപവാസം നമ്മെ ദൈവത്തിലേക്കടുപ്പിക്കണം, നാം വേണ്ടെന്നു വയ്ക്കുന്ന ഭക്ഷണം മറ്റൊരാളുടെ വിശപ്പ് മാറ്റണം; അതോടൊപ്പം നിസ്സാരമായ അളവിലാണെങ്കിൽക്കൂടെ പ്രകൃതിവിഭവം നാം ഉപേക്ഷിക്കുകയാണ്. അത്യാവശ്യത്തിൽക്കവിഞ്ഞ ഒരു പ്രകൃതിവിഭവവും, ഭക്ഷണത്തിന്റെയും വസ്ത്രത്തിന്റെയും പാർപ്പിടത്തിന്റെയും ഊർജ്ജത്തിന്റെയും രൂപത്തിൽ, ഭൂമിയിൽനിന്നെടുക്കുകയില്ല എന്ന് നാം തീരുമാനിക്കണം.

എല്ലാ നോമ്പാചരണത്തിലും ഭൂമിയുമായുള്ള നമ്മുടെ ബന്ധം പരീക്ഷിക്കപ്പെടുന്നുണ്ട്. ഈശോയുടെ മരുഭൂമിവാസത്തിൽത്തന്നെയുണ്ട് ഇതിന്റെ തെളിവ്. വിശന്നുവലഞ്ഞ ഈശോയോട് പ്രലോഭകൻ പറഞ്ഞു, നിനക്ക് ഈ കല്ലുകളെ അപ്പമാക്കരുതോ? ഈശോ അത് നിരസിച്ചു. കാരണം പ്രകൃതിയുടെ താളക്രമത്തെ അട്ടിമറി



**Palakkad Rupatha Bulletin, Bishop's House, Palakkad - 678 004.**
Editor: Fr. Jaimon Pallineerakkal, Online Publication: Fr. Shyju Naduvathaniyil

ക്കാനുള്ള പ്രലോഭനമാണത്. എങ്കിലും നമുക്കറിയാം, കല്ലുകൾ അപ്പമാകും പ്രകൃതിയിൽ. അതിന് കുറച്ചു സമയമെടുക്കും എന്നുമാത്രം. കാലചക്രം കുറേയേറെ ഉരുളുമ്പോൾ കല്ലുപൊടിഞ്ഞ് മണ്ണാകും; പിന്നെയത് മഴയത്ത് നനഞ്ഞുകുതിരുന്നു; സമയത്തിന്റെ പൂർത്തിയിൽ വിത്തുവീഴുന്നു; അത് മുളച്ച് ചെടിയാകുന്നു; കാലക്രമത്തിൽ അത് ഫലംചൂടുന്നു; കൊയ്ത്തു നടക്കുന്നു; കതിരുമെതിച്ച് ധാന്യമുണ്ടാക്കുന്നു; അത് പൊടിച്ചുകുഴച്ചു മാവാക്കി ചുട്ടെടുത്താൽ അപ്പമായി. ഇത്തരത്തിൽ കല്ല് അപ്പമാകാൻ പ്രകൃതിയിൽ ഒരു താളമുണ്ട്. സമയക്രമമുണ്ട്. ഇത് തെറ്റിക്കാനാണ് പ്രലോഭകൻ ആവശ്യപ്പെടുന്നത്. അതുകൊണ്ട് നോമ്പാചരണം എന്നുപറയുന്നതിന് ഭൂമിയിലെ സ്വാഭാവികമായ ജൈവക്രമം സംരക്ഷിക്കുക എന്നും അർത്ഥമുണ്ട്.

വിനാശകരമായ പ്രകൃതിചൂഷണം നടക്കുന്ന കാലമാണിത്. അതിന്റെ തിക്തഫലങ്ങൾ നാം അനുഭവിക്കുന്നുമുണ്ട്. അസഹനീയമായി വർദ്ധിച്ചുകൊണ്ടിരിക്കുന്ന ചൂടും തരിശായിക്കൊണ്ടിരിക്കുന്ന നെല്പാടങ്ങളും ക്യാൻസർരോഗികളുടെ എണ്ണത്തിലെ വർദ്ധനവും പ്രകൃതിനാശത്തിന്റെ ഭയപ്പെടുത്തുന്ന അടയാളങ്ങളാണ്. പ്രകൃതിയെ ഉപയോഗിക്കാതെ നമുക്ക് ജീവിതമില്ല; പക്ഷേ അത് പ്രകൃതിചൂഷണമാകാതെ നോക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ നോമ്പുകാലത്തിന്റെ അരൂപി ഉൾക്കൊണ്ട് പ്രകൃതിക്ക് നമ്മുടെ ജീവിതത്തിൽ വേണ്ടത്ര ഇടംകൊടുക്കാൻ നാം പ്രത്യേകം ശ്രദ്ധിക്കണം.

ഈ മണ്ണിൽ നമ്മുടെ അത്യാവശ്യത്തിനുള്ളതുണ്ട്; അത്യാർത്തിക്കുള്ളതില്ല (There is enough for every one's need, not for every one's greed) എന്ന് ഗാന്ധിജി പറയുകയുണ്ടായി. അത്യാർത്തി മൂലം മനുഷ്യർ നടത്തുന്ന പ്രകൃതിചൂഷണം ഒരു ക്രൂരതയാണ്. “ജൈവവളം ഉപയോഗിച്ച് ഞാൻ ഉല്പാദിപ്പിക്കുന്ന ഈ കൈതച്ചക്കകൾ (പൈനാപ്പിൾ) എനിക്കും കുടുംബത്തിനും വേണ്ടിയുള്ളതാണ്. രാസവളങ്ങൾ ഉപയോഗിച്ച് ഞാൻ ഉല്പാദിപ്പിക്കുന്നവ വില്പനക്കുള്ളവയാണ്”. സ്വന്തം വീടിനുചുറ്റുമുള്ള ചെറുതും വലുതുമായ രണ്ട് കൈതച്ചക്കത്തോട്ടങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ഒരു കർഷകൻ എന്നോട് പറ





ഞ്ഞതാണിത്. വിഷാംശമുള്ള പഴവർങ്ങൾമൂലം മറ്റുള്ളവരുടെ ആരോഗ്യം നശിച്ചാലും അവർ കാൻസർ ബാധിച്ച് മരിച്ചാലും പ്രകൃതി നശിച്ചാലും എനിക്ക് അത് പ്രശ്നമല്ല. എനിക്ക് വേണ്ടത് പണമാണ് എന്നതായിരുന്നു അദ്ദേഹത്തിന്റെ നിലപാട്.

“നിനക്ക് ദുഃഖം വന്നാലും
നീയന്യനെ തുണക്കണം
താൻ കൊടുംവെയിൽ കൊണ്ടിട്ടും
തണലേകുന്നു തൈമരം”

പ്രകൃതി നൽകുന്ന ഈ പാഠവും നമ്മുടെ പ്രവർത്തന രീതിയും പരസ്പര വിരുദ്ധമാകുന്നു. നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കുക. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ എന്ന കല്പനകൾ വായിക്കുവാൻ വേണ്ടി മാത്രമുള്ള തിരുവചനങ്ങളായി മാറുന്നത് ഖേദകരമാണ്.

പ്രകൃതിക്ക് നമ്മുടെ ജീവിതത്തിൽ ന്യായമായ ഇടംകൊടുക്കാൻ ഒന്നാമതായി നമ്മുടെ കാഴ്ച്ചപ്പാടുകൾ നവീകരിക്കപ്പെടണം. അതിൽ ഏറ്റം പ്രധാനം ദൈവം സൃഷ്ടിച്ച പ്രകൃതിക്ക് അതിൽത്തന്നെ മൂല്യമുണ്ട് എന്നുള്ളതാണ്. നമ്മുടെ അതിജീവനം ലക്ഷ്യമാക്കുന്നതു കൊണ്ടു മാത്രമല്ല നാം പ്രകൃതിയെ പരിപാലിക്കേണ്ടത്. പ്രപഞ്ചത്തിൽ ദൈവത്തിന്റെ സാന്നിദ്ധ്യമുണ്ട്. പ്രകൃതിയിൽ ദൈവത്തിന്റെ നന്മയും സ്നേഹവും അനുഭവിച്ച വിശുദ്ധ ഫ്രാൻസീസ് അസ്സീസിയെപ്പോലെ, സർവ്വചരാചരങ്ങളിലും ദൈവത്തെ കാണാനുള്ള ഉൾക്കണ്ണുകൾ നമുക്ക് വേണം. ലോകത്തിലെ അതിസുന്ദരമായ ഒരു ഭൂപ്രദേശത്ത് ജീവിക്കാൻ ഭാഗ്യംകിട്ടിയവരാണ് നാം. പക്ഷേ ഈ ഭൂമിയിൽ ദൈവത്തിന്റെ നന്മയും സാന്നിദ്ധ്യവും കാണാതെപോകുന്നത് എത്രയോ നിർഭാഗ്യകരമാണ്. ഓരോ മരത്തണലും ദൈവം നമുക്കുമീതെ വിടർത്തുന്ന കുളിർമ്മയുടെ കുടയാണ്. ഓരോ ഇളംകാറ്റിലും ദൈവത്തിന്റെ കൈകളാണ് നമ്മെ തഴുകുന്നത്.

രണ്ടാമതായി, പ്രകൃതിക്ക് നമ്മുടെ ജീവിതത്തിൽ ന്യായമായ ഇടംകൊടുക്കാൻ നാം ചെയ്യേണ്ട കുറെയേറെ കാര്യങ്ങളുണ്ട്. അവയിൽ ചിലത് ഞാൻ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.



**Palakkad Rupatha Bulletin, Bishop's House, Palakkad - 678 004.**
Editor: Fr. Jaimon Pallineerakkal, Online Publication: Fr. Shyju Naduvathaniyil

1. ഫ്ളക്സ്, തെർമോകോൾ മുതലായവയുടെ ഉപയോഗം പ്രകൃതിയുടെ സുസ്ഥിതിക്ക് എതിരാണ്. ഇനിമുതൽ നമ്മുടെ ആഘോഷവേദികളിൽനിന്ന് അവയുടെ ഉപയോഗം ഒഴിവാക്കാൻ ശ്രദ്ധിക്കണം. പ്ലാസ്റ്റിക്ക് തോരണങ്ങളും മറ്റും കഴിയുന്നത്ര വർജ്ജിക്കണം.

2. സ്വന്തം സ്ഥലത്തും പൊതുസ്ഥലങ്ങളിലും വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കാനും പരിപാലിക്കാനും നാം ശ്രദ്ധിക്കണം.

3. ഈ ഭൂമിയിൽ ഒരു ജീവിയും വെറുതെ സൃഷ്ടിക്കപ്പെട്ടിട്ടില്ല. ഓരോ ജീവിക്കും അതിന്റേതായ സ്ഥാനമുണ്ട്. ഒന്ന് മറ്റൊന്നിനെ ആശ്രയിച്ച് ജീവിക്കുന്നു. ഈ ജൈവ സന്തുലനം നഷ്ടപ്പെടുത്താതിരിക്കാൻ നാം ശ്രദ്ധിക്കണം.

4. കുളങ്ങളാലും കാവുകളാലും സമൃദ്ധമാണ് നമ്മുടെ ജില്ല. എങ്കിലും കുടിവെള്ളക്ഷാമമുള്ള പ്രദേശങ്ങൾ വളരെയുണ്ടുതാനും. ഓരോ പ്രദേശത്തെയും ജലസ്രോതസ്സുകളായ കുളങ്ങൾ, കിണറുകൾ, തോടുകൾ, പുഴകൾ തുടങ്ങിയവ സംരക്ഷിക്കാൻ നാം ശ്രദ്ധിക്കണം. നമ്മുടെ രൂപതയിലെ പീപ്പിൾസ് സർവീസ് സൊസൈറ്റിയുടെയും സർക്കാരിന്റെയും പഞ്ചായത്തുകളുടെയും മുൻസിപ്പാലികളുടെയും സേവനങ്ങൾ ഇതിനായി നാം പ്രയോജനപ്പെടുത്തണം.

5. നമ്മുടെ പള്ളികളുടെ പരിസരം പൊതുവേ നാം വൃത്തിയായി സൂക്ഷിക്കുന്നുണ്ട്. അതുപോലെ നമ്മുടെ പള്ളികളിൽ പൂന്തോട്ടങ്ങൾ ഉണ്ടാകണം. അപ്പോൾ പള്ളികളിലെ ആവശ്യങ്ങൾക്ക് സ്വന്തം തോട്ടങ്ങളിലെ പൂക്കൾ ഉപയോഗിക്കാൻ സാധിക്കും. നമ്മുടെ അദ്ധ്വാനത്തിൽ നിന്നും മണ്ണിനോടുള്ള താത്പര്യത്തിൽ നിന്നുമാണ് ദൈവാരാധനക്കുള്ള പൂക്കളുണ്ടാകേണ്ടത്.

6. നമ്മുടെ ഭക്ഷണക്രമത്തിൽ വിഷമയമായ ശീലങ്ങൾ കടന്നുവരുന്നുണ്ട്. ആരോഗ്യത്തിന് ഹാനികരമായേക്കാവുന്ന കുപ്പിവെള്ളം, സോഫ്റ്റ് ഡ്രിങ്കുകൾ, ടിന്നിലടച്ച ഭക്ഷണം എന്നിവയുടെ





ഉപയോഗത്തെക്കുറിച്ച് നമുക്ക് കരുതൽവേണം. നമ്മുടെ വീടുകളിലെപോലും ഭക്ഷണക്രമം അനാരോഗ്യകരമാകുന്നുണ്ടോ എന്ന് അമ്മമാർ ചിന്തിക്കേണ്ടതുണ്ട്.

7. പ്രകൃതിവിഭവങ്ങൾ പാഴാക്കുന്നതും ഭൂമിയെ പ്ലാസ്റ്റിക്കും ഇതര വസ്തുക്കളുംകൊണ്ട് മലിനമാക്കുന്നതും മാലിന്യങ്ങൾ റോഡുകളിലും തോടുകളിലും നിക്ഷേപിക്കുന്നതും പാപകരമാണ്. കാരണം അത് ഭൂമിയുടെയും മനുഷ്യരുടെയും അവകാശങ്ങൾ ലംഘിക്കലാണ്. പ്രകൃതിയെ നശിപ്പിക്കുന്നത് ഗൗരവമുള്ള പാപമാണെന്ന് ബെനഡിക്റ്റ് പതിനാറാമൻ പാപ്പ 2008-ൽ പഠിപ്പിച്ചിട്ടുണ്ട്. അതിനാൽ പ്രകൃതിയോടുള്ള നമ്മുടെ സമീപനം കുമ്പസാരത്തിനുമുമ്പുള്ള നമ്മുടെ ആത്മശോധനയിൽ ഒരു വിഷയമാകണം.

8. പരിസ്ഥിതി അവബോധം വളർത്താനും പ്രവർത്തങ്ങൾക്ക് നേതൃത്വം കൊടുക്കാനും ഇടവകകളിൽ പ്രകൃതി- ക്ലബ്ബുകൾ ഉണ്ടാകുന്നത് വളരെ നല്ലതാണ്. പ്രകൃതിസംരക്ഷണത്തിന്റെ മൂല്യം നാം കുട്ടികളെ വേണ്ടവിധം പഠിപ്പിക്കണം.

9. അടുത്ത നിയമസഭാ തിരഞ്ഞെടുപ്പിൽ വിവിധ രാഷ്ട്രീയ പാർട്ടികൾ പ്രകൃതിസംരക്ഷണം തങ്ങളുടെ കർമ്മപരിപാടിയിൽ എന്തുമാത്രം ഉൾപ്പെടുത്തുന്നുണ്ട് എന്ന് നാം പരിഗണിക്കണം.

10. കീടനാശിനി ഒരു വിഷമാണ്. കീടങ്ങളെ മാത്രമല്ല, ജൈവികമായ എന്തിനെയും അത് നശിപ്പിക്കും. അതുകൊണ്ട് നിയന്ത്രിത അളവിൽ ശത്രുപ്രാണിയെ മാത്രം ലക്ഷ്യംവച്ച് അവധാനതയോടെ പ്രയോഗിച്ചില്ലെങ്കിൽ അത് ജീവനാശത്തിന് കാരണമാകും. എൻഡോസൾഫാൻ പോലുള്ള മാരകകീടനാശിനികളുടെ പ്രയോഗം വ്യാപകമായി നടക്കുന്ന ചില പ്രദേശങ്ങൾ നമ്മുടെ രൂപതയിലുണ്ട്. ഇക്കാര്യത്തിൽ നമുക്ക് എന്തുചെയ്യാൻ പറ്റുമെന്ന് നാം കൂട്ടായി ആലോചിക്കേണ്ടതുണ്ട്. ഇതോടൊപ്പം ഓരോ



**Palakkad Rupatha Bulletin, Bishop's House, Palakkad - 678 004.**
Editor: Fr. Jaimon Pallineerakkal, Online Publication: Fr. Shyju Naduvathaniyil

പ്രദേശത്തും പ്രകൃതിസംരക്ഷണത്തിനായി നമുക്ക് എന്ത് ചെയ്യാനാവുമെന്ന് ഇടവക, ഫോറോന, വിവിധ സംഘടനാ തലങ്ങളിൽ ചർച്ചനടത്തി കർമ്മപദ്ധതികൾ ഉണ്ടാക്കണം.

11. ധ്യാനാവസരങ്ങളിൽ പ്രകൃതിസംരക്ഷണം നമ്മുടെ പരിഗണനാവിഷയമാകണം. ധ്യാനബുദ്ധിയോടെ വനങ്ങളിലേക്ക് തീർത്ഥാടനം നടത്തുന്നത് നല്ലതാണ്. ജീവസമൃദ്ധമായ വനം നമ്മെ പലതും പഠിപ്പിക്കും; ദൈവത്തെക്കുറിച്ചും പഠിപ്പിക്കും. പക്ഷേ ഒരു ദേവാലയത്തിലെന്നപോലെ ആദരവോടെവേണം വനത്തിലും പെരുമാറാൻ.

12. ദുഖവെള്ളിയാഴ്ചത്തെ കുരിശിന്റെ വഴിയിൽ ഈശോയുടെ പീഡാസഹനത്തോടൊപ്പം മനുഷ്യരുടെയും പ്രകൃതിയുടെയും സഹനങ്ങളും നമ്മുടെ ധ്യാനവിഷയമാക്കണം.

മൂന്ന് ചെറിയ ഓർമ്മപ്പെടുത്തലുകളോടെ ഈ നോമ്പുകാല ചിന്തകൾ ഞാൻ അവസാനിപ്പിക്കുകയാണ്. ഒന്നാമതായി, ക്രിസ്തീയമായ അരൂപിയില്ലാത്ത നോമ്പാചരണത്തിന്റെ ബലത്തിൽ ഒരുതരം വ്യാജതൃപ്തിയിൽ നാം കഴിഞ്ഞുകൂടരുത്. അതായത്, മറ്റുള്ളവരോടും പ്രകൃതിയോടും ശരിയായ താത്പര്യം പുലർത്താത്ത ആത്മീയ കൃത്യങ്ങളെല്ലാം പാഴ്വേലകളാണ്. ആരോടെങ്കിലും വിരോധമോ സ്നേഹക്കുറവോ ഉള്ളിൽവച്ചുകൊണ്ട് ഉപവാസം അനുഷ്ഠിച്ചാൽ ഒരു ഫലവുമില്ലെന്ന് അർത്ഥം. മിക്കാ പ്രവാചകൻ പഠിപ്പിക്കുന്നു: "മനുഷ്യാ, നല്ലതെന്തെന്ന് അവിടുന്ന് നിനക്ക് കാണിച്ചുതന്നിട്ടുണ്ട്. നീതി പ്രവർത്തിക്കുക, കരുണ കാണിക്കുക; നിന്റെ ദൈവമായ കർത്താവിന്റെ മുമ്പിൽ വിനീതനായി ചരിക്കുക. ഇതല്ലാതെ മറ്റെന്താണ് കർത്താവ് നിന്നിൽനിന്ന് ആവശ്യപ്പെടുന്നത്'' (മിക്കാ 6:8). രണ്ടാമതായി, മരുഭൂമിയിലെ തപസ്സിൽ ഈശോ ഒറ്റക്കായിരുന്നു. ഇന്നും ദൈവം വ്യക്തികളെ അഭിസംബോധന ചെയ്യുന്നത് ഓരോരുത്തരായിട്ടാണ്. ദൈവം പത്തു കല്പനകൾ കൊടുത്തത് ഇസ്രായേലിനാണെങ്കിലും അവ ഓരോ വ്യക്തിക്കുമുള്ള കല്പനകളാണ്. അതായത്, 'നിങ്ങൾ' കൊല്ലരുത് എന്നല്ല പ്രമാണത്തിന്റെ ഭാഷ, പിന്നെയോ 'നീ' കൊല്ലരുത് എന്നാണ്. ആഹ്വാനം സമൂഹത്തിനാണ്; സന്ദേശം വ്യക്തികളോരോരുത്തർക്കും. പ്രകൃതിസംരക്ഷണ കടമ എല്ലാവരുടേതുമാണ്, അതുകൊണ്ട് എനിക്കൊന്നും ചെയ്യാനില്ല എന്ന മട്ടിൽ ആരുമത് അവഗണിക്കരുതെന്ന് ചുരുക്കം.



മൂന്നാമതായി, ഒരോ നോമ്പുകാലവും ഒരു ഉണർത്തുവിളിയാണ്. ഇതൊക്കെ ഇങ്ങനെ മതി എന്ന ലാഘവബുദ്ധിയിൽനിന്നും അലസതയിൽനിന്നും ഉദാസീനതയിൽനിന്നുമാണ് നാം വിളിച്ചുണർത്തപ്പെടേണ്ടത്. 'ഉണരുക കാലം കഴിയാറായി' എന്നാണതാണ് വലിയ നോമ്പുകാലത്തെ ആഹ്വാനം. "എഴുന്നേല്ക്കുവിൻ, എന്നെ ഒറ്റിക്കൊടുക്കുന്നവൻ എത്തിക്കഴിഞ്ഞു" (മത്താ. 26:46) എന്ന ഈശോയുടെ വാക്കുകളാണ് ഗത്സമനിലെ മയക്കത്തിൽനിന്ന് ശിഷ്യന്മാരെ ഉണർത്തുന്നത്. അതേ, കാലം കഴിയാറായി. ശുദ്ധജലത്തിന്റെയും ശുദ്ധവായുവിന്റെയും വിഷംചേരാത്ത ഭക്ഷ്യവസ്തുക്കളുടെയും അഭാവം നിമിത്തം പ്രകൃതിയും മനുഷ്യനും കൊലചെയ്യപ്പെടുന്നു. ഇത് മറക്കുന്നവർക്കെതിരെ അതിനിശിതമായ ഒരു വിധിവാചകം വെളിപാടുപുസ്തകത്തിലുണ്ട്: "ഭൂമിയെ നശിപ്പിക്കുന്നവരെ ഉന്മൂലനം ചെയ്യാനുള്ള സമയമായി" (വെളിപാട് 11:18). ഈ ചിന്ത നമ്മെ ഉണർത്തണം. നോമ്പുകാലത്ത് ഈ ഉണർവ്വ് നേടുന്നവർക്കുള്ളതാണ് ഉയിർപ്പുതിരുനാളിന്റെ സമാധാനം.

നമ്മുടെ കർത്താവീശോമിശിഹായുടെ + കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും + പരിശുദ്ധാത്മാവിന്റെ സഹവാസവും + നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

യേശുവിൽ നിങ്ങളുടെ വത്സലപിതാവ്,



**മാർ ജേക്കബ് മനത്തോടത്ത്**

പാലക്കാട് രൂപതയുടെ മെത്രാൻ

NB: ഈ ഇടയലേഖനം **മാർച്ച് 6-ാം** തീയതിയൊ **13-ാം** തിയ്യതിയൊ ഞായറാഴ്ച കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും പൊതുജനങ്ങൾക്കായി ഞായറാഴ്ച കുർബനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.



**Palakkad Rupatha Bulletin, Bishop's House, Palakkad - 678 004.**
Editor: Fr. Jaimon Pallineerakkal, Online Publication: Fr. Shyju Naduvathaniyil

# Clarification Regarding the use of Monastery Chapel

PONTIFICIUM CONSILIUM
DE LEGUM TEXTIBUS

Vatican city, 20 January 2011

Prot. N. 12880/2011

Most Reverend Excellency,

I am replying to the letter dated on 3rd of January 2011, which was sent e-mail by Fr. Francis Aloor to the Pontifical Council, regarding to the clarification of the question raised by an erroneous interpretation of the c. 437 §1 CCEO.

The letter appears to that a church of a monastery in the territory of the Archdiocese of Trichur, does parish ministry without being erect as such.

C. 437 §1 simply defines the right of the monastery, arising on the act of foundation, to have a Church which makes possible the celebration of the sacred ministries for the members of the monastery (see c. 473). This canon does not entitle the public celebration of divine worship for the faithful round the monastery, which already belong to a parish.

Obviously, it is only the Archbishop on the pastoral governance of the Archdiocese and the erection of the parishes (cc. 178,280 § 2, 282), so in this case has every right to ask the major superior to stop this activity.

With the hope that this clarifications may be useful, I remain,

faithful *in Domino*

+Francesco Coccopalmerio
President

+Juan Ignacio Arrieta
Secretary

---

Most Reverend Excellency
MAR ANDREWS THAZATH
Archbishop's House
Trichur, Kerala, 680005, India.





# Bishops' Engagements

| | | |
|---|---|---|
| **March** | | |
| 2 | | Meeting, Ayurpaalana |
| 3 | PM | Meeting, Bishop's House |
| 5 | AM | Meeting, Pastoral Centre |
| | PM | Church Blessing, Kuravanpady |
| 7 | | Ash Monday, St. Raphael's Cathedral, Palakkad |
| 9 | | Pre-Cana, Yuvakshetra, Ezhakkad |
| 10 | AM | Sehion, Thavalam |
| | PM | St. Thomas ITC, Kanjirapuzha |
| 12 | | Pastoral Council Meeting, Pastoral Centre |
| | PM | Meeting, Bishop's House |
| 22 | | Tri-monthly, Bishop's House |
| 23-24 | | Catechism Commission Meeting, Mount St. Thomas, Kakkanad |
| 26 | | to Rome for Ad - Limina Visit |
| **April** | | |
| 12 | | Returns from Rome |
| 16 | 7.30 | Diaconate & Minor Orders, Kalleppully |
| 17 | | Palm Sunday, Cathedral |
| 18 | | Chrism Mass, Cathedral |
| 21 | | Maundy Thursday, Cathedral |
| 22 | | Good Friday, Cathedral |
| 23 | | Holy Saturday, Cathedral |
| 24 | | Easter, Cathedral |
| 27 | 10.30 | Church Blessing, Kadappara |
| 28 | | Ordination, Nedumbrakkadu, Cherthala |
| 30 | AM | Holy Qurbana, Cathedral |



**Palakkad Rupatha Bulletin, Bishop's House, Palakkad - 678 004.**
Editor: Fr. Jaimon Pallineerakkal, Online Publication: Fr. Shyju Naduvathaniyil

# From the Bishop's Office

**ആശംസകൾ**

മാർച്ച് 19ന് നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന രൂപത വികാരി ജനറാൾ മോൺ. ജോസഫ് ചിറ്റിലപ്പിള്ളി അച്ചനും രൂപതാ ചാൻസലർ മോൺ. ജോസഫ് വെളിയത്തിൽ അച്ചനും തിരുനാൾ ആശംസകൾ.

**ത്രൈമാസ സമ്മേളനം**

യുവക്ഷേത്രയിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിരുന്ന ബഹുമാനപ്പെട്ട വൈദികരുടെ ത്രൈമാസ സമ്മേളനം അവിടെ അറ്റകുറ്റ പണികൾ നടക്കുന്നതിനാൽ അരമനയിൽവച്ച് നടത്തപ്പെടുന്നതാണ്. മാർച്ച് 22-ാം തിയ്യതി 10 മണിക്ക് ആരംഭിച്ച് വൈകിട്ട് 4.00മണിക്ക് സമ്മേളനം അവസാനിക്കുന്നു. രൂപതാ വൈദികർ എല്ലാവരും ഇതിൽ സംബന്ധിക്കേണ്ടതാണ്.

**തദ്ദേശസ്വയംഭരണ വിജയികൾക്ക് അനുമോദനം നൽകുന്നു.**

2010 ഒക്ടോബറിൽ നടന്ന തദ്ദേശ്ശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിൽ വിജയിച്ച നമ്മുടെ രൂപതാംഗങ്ങളായവർക്ക് മാർച്ച് 12ന് കൂടുന്ന പാസ്റ്ററൽ കൗൺസിലിൽവച്ച് അഭിനന്ദനങ്ങൾ അർപ്പിക്കുന്നതാണ്. ഇടവകകളിൽ നിന്ന് വിജയികളായവരുടെ പേരും അഡ്രസ്സും വികാരി ജനറാൾ അച്ചനെ ഏല്പ്പിക്കുവാൻ അഭ്യർത്ഥിക്കുന്നു.

**സൈത്ത് വെഞ്ചിരിപ്പ്**

ഈ വർഷത്തെ സൈത്ത് വെഞ്ചിരിപ്പിന്റെ തിരുക്കർമ്മങ്ങൾ ഏപ്രിൽ 18-ാം തിയ്യതി രാവിലെ 10.30ന് പാലക്കാട് സെന്റ് റാഫേൽസ് കത്തീഡ്രലിൽവച്ച് നടത്തപ്പെടുന്നു. അന്നത്തെ ധ്യാനത്തിലും സമൂഹബലിയിലും രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദികരും സംബന്ധിക്കേണ്ടതാണ്.

**നന്ദി...**

2002 ഫെബ്രുവരി മുതൽ രൂപതാ ഫിനാൻഷ്യൽ ഓഫീസറായി സേവനമനുഷ്ഠിച്ച പെരി. ബഹു. ഡൊമിനിക് ഐപ്പൻപറമ്പിൽ അച്ചൻ 2011 ഫെബ്രുവരി 28ന് പ്രസ്തുത സ്ഥാനത്തുനിന്ന് ഔദ്യോഗികമായി വിരമിച്ചു. രൂപതയുടെ ഭൗതിക വളർച്ചക്കായി തന്നെ ഏല്പ്പിച്ച ദൗത്യം സ്തുത്യർഹമാംവിധം നിർവ്വഹിച്ച ബഹു അച്ചന് കൃതജ്ഞതയുടെ പൂച്ചെണ്ടുകൾ. തുടർന്നും അച്ചന്റെ എല്ലാ കർമ്മമണ്ഡലങ്ങളിലും ദൈവാനുഗ്രഹം സമൃദ്ധമായി വർഷിക്കപ്പെടട്ടെയെന്ന് പ്രാർത്ഥിക്കുന്നു.





**പെസഹാവ്യാഴം പിരിവ്**

സെമിനാരി വിദ്യാർത്ഥികളുടെ പരിശീലനത്തിനായി നമ്മുടെ ഇടവകകളിൽ നിന്നും പെസഹാവ്യാഴാഴ്ച നൽകാറുള്ള സംഭാവനയെപ്പറ്റി ബഹു. വികാരിയച്ചന്മാർ പള്ളിയിൽ അറിയിച്ച് ലഭിക്കുന്ന തുക മെയ് 31ന് മുമ്പായി രൂപതാകാര്യാലയത്തിൽ ഏല്പ്പിക്കണം. രൂപതയിലെ എല്ലാ സ്ഥാപനങ്ങളും ഇതിൽ സഹകരിക്കേണ്ടതാണ്.

**ദൈവവിളിധ്യാനം & ഇന്റൻസീവ് കാറ്റികിസം**

രൂപതയിലെ ദൈവവിളിധ്യാനത്തെക്കുറിച്ചും ഇന്റൻസീവ് കാറ്റികിസത്തെക്കുറിച്ചുമുള്ള കൂടുതൽ വിവരങ്ങൾക്കായി സെമിനാരി വാർത്തകൾ (പേജ് 28) കാണുക.

**നോമ്പുകാലപിരിവുകൾ**

നോമ്പുകാലത്ത് വിശപ്പിനും രോഗത്തിനുമെതിരെ എടുക്കുന്ന പിരിവും വിശുദ്ധ സ്ഥലങ്ങളുടെ സംരക്ഷണത്തിന് ദുഃഖവെള്ളിയാഴ്ച എടുക്കുന്ന പിരിവും രൂപതാ പ്രൊക്കുറേറ്ററെ മാസാവസാനത്തോടെ ഏല്പ്പിക്കേണ്ടതാണ്.

**വിവിധ പിരിവുകൾ**

2009-2010 വർഷത്തിൽ രൂപതാ കേന്ദ്രത്തിൽ ഏല്പ്പിക്കേണ്ട വിവിധ പിരിവുകൾ കൊടുക്കാത്തവർ അത് മാർച്ചുമാസം തന്നെ കൊടുത്തുതീർക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**രൂപതാ പാസ്റ്ററൽ കൗൺസിൽ**

2008-2011 വർഷത്തേക്കുള്ള രൂപതാ പാസ്റ്ററൽ കൗൺസിലിന്റെ അവസാനയോഗം 2011 മാർച്ച് 12 ശനിയാഴ്ച രൂപതാദ്ധ്യക്ഷൻ മാർ ജേക്കബ് മനത്തോടത്ത് പിതാവിന്റെ അദ്ധ്യക്ഷതയിൽ പാസ്റ്ററൽ സെന്ററിൽവച്ച് സമ്മേളിക്കുന്നു. 'മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ നിർദ്ദേശങ്ങൾ പാലക്കാട് രൂപതയിൽ പ്രായോഗികമാക്കേണ്ടതെങ്ങനെ?' എന്നതാണ് ഈ യോഗത്തിന്റെ ചർച്ചാവിഷയം. എല്ലാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും നിർദ്ദേശങ്ങൾ പഠിച്ചൊരുങ്ങി യോഗത്തിൽ സംബന്ധിക്കുവാൻ ശ്രമിക്കുമല്ലോ. സംബന്ധിക്കാൻ കഴിയാത്തവർ അക്കാര്യം സെക്രട്ടറിയെ രേഖാമൂലം അറിയിക്കേണ്ടതാണ്. പാലക്കാട് രൂപതയ്ക്ക് ചെയ്ത എല്ലാ സേവനങ്ങൾക്കും സഹകരണത്തിനും എല്ലാ അംഗങ്ങൾക്കും നന്ദിപറയുന്നു.

**ഫാ. തോം കിഴക്കേടത്ത്**

ജനറൽ സെക്രട്ടറി, പാസ്റ്ററൽ കൗൺസിൽ



**Palakkad Rupatha Bulletin, Bishop's House, Palakkad - 678 004.**
Editor: Fr. Jaimon Pallineerakkal, Online Publication: Fr. Shyju Naduvathaniyil

## പാലക്കാട് രൂപതയിലെ വൈദികരുടെ സ്ഥലംമാറ്റം

**(നിയമനം പ്രാബല്യത്തിൽ വരുന്നത് ഫെബ്രുവരി 28, 2011 ന്)**

**ഫാ. പോൾ കണച്ചിക്കാട്ട് വി.സി.** : അസിസ്റ്റന്റ് വികാരി, ലൂർദ്ദ് മാതാ ഫൊറോന ചർച്ച്, വടക്കഞ്ചേരി.

**ഫാ. ജോബി കൊച്ചുമുട്ടം സി.എം.ഐ** : അസിസ്റ്റന്റ് വികാരി, സെന്റ് തോമസ് ഫൊറോന ചർച്ച്, കാഞ്ഞിരപ്പുഴ.

**ഫാ. ജോസഫ് ചേക്കതടത്തിൽ എം.സി.ബി.എസ്** : അസിസ്റ്റന്റ് വികാരി, ഹോളി സ്പിരിറ്റ് ഫൊറോന ചർച്ച്, മണ്ണാർക്കാട്.

**ഫാ. ഫിലിപ്പ് മാണിക്കത്തുകുന്നേൽ എം.സി.ബി.എസ്** : റിലീവ്ഡ്, അസിസ്റ്റന്റ് വികാരി, മണ്ണാർക്കാട്.

**ഫാ. ആന്റണി വാഴത്തറ എം.എസ്.ടി:** വികാരി, സെന്റ് ജോസഫ് ചർച്ച്, മൂച്ചംകുണ്ട്.

**ഫാ. ജേക്കബ് പൂവ്വത്താനിക്കുന്നേൽ** : അസിസ്റ്റന്റ് വികാരി, സെന്റ് റാഫേൽസ് കത്തീഡ്രൽ, പാലക്കാട്.

**ഫാ. ബിജു മുരിങ്ങക്കുടിയിൽ** : വികാരി, സെന്റ് ആന്റണീസ്ചർച്ച്, പൊമ്പ്ര; കപ്ലോൻ, സെന്റ് തോമസ് കോൺവെന്റ്, പൊമ്പ്ര.

**ഫാ ആന്റോ തൈക്കാട്ടിൽ** : റിലീവ്ഡ്, വികാരി, പൊമ്പ്ര.

**ഫാ. തോമസ് അരിശ്ശേരി** : വികാരി, സെന്റ് ആന്റണീസ് ചർച്ച്, വാൽക്കുളമ്പ് & ക്രൈസ്റ്റ് ദ കിംഗ് ചർച്ച്, പനംകുറ്റി.

**ഫാ. ജോസ് കൊച്ചുപറമ്പിൽ** : റിലീവ്ഡ്, വികാരി, വാൽക്കുളമ്പ്.

**ഫാ. ജോർജ്ജ് തെരുവൻകുന്നേൽ** : വികാരി, സെന്റ് ജോസഫ് ചർച്ച് കണ്ണമ്പ്ര (അഡീഷണൽ).

**ഫാ. ജോസഫ് കളപ്പുരക്കൽ** : അസിസ്റ്റന്റ് ഡയറക്ടർ, സെന്റ് മേരീസ് ഐ.ടി.സി. വള്ളിയോട്; വികാരി, ക്രൈസ്റ്റ് ദ കിംഗ് ചർച്ച്, തച്ചനടി.

**ഫാ. ടോം വടക്കേക്കര** : ജോയിന്റ് ഡയറക്ടർ, യുവക്ഷേത്ര; ഡയറക്ടർ. കെ.സി.വൈ.എം.

**ഫാ. ബിജോയ് ചോതിരക്കോട്ട്** : വികാരി, സെന്റ് ഇഗ്നേഷ്യസ് ചർച്ച്, കൂനത്തറ & സെന്റ് പോൾസ് ചർച്ച് പട്ടാമ്പി; കപ്ലോൻ, ചാരിറ്റി കോൺവെന്റ്, കൂനത്തറ; ആശാദീപം കോൺവെന്റ്, കൂനത്തറ & സെന്റ് പോൾസ് കോൺവെന്റ്, പട്ടാമ്പി.

**ഫാ. റെന്നി കാഞ്ഞിരത്തിങ്കൽ** : വികാരി, ലിറ്റിൽ ഫ്ളവർ ചർച്ച്, ആലത്തൂർ; മാനേജർ, എസ്റ്റേറ്റ്, ആലത്തൂർ; കപ്ലോൻ, ഹോളി ഫാമിലി കോൺവെന്റ്, ആലത്തൂർ.





**ഫാ. ജോമിസ് കൊടകശ്ശേരിൽ** : ഡയറക്ടർ, മതബോധന കേന്ദ്രം; കപ്ലോൻ, കാണിക്കമാതാ കോൺവെന്റ്, പാലക്കാട്.

**ഫാ. മാത്യു വാഴയിൽ** : റിലീവ്ഡ് ഡയറക്ടർ, മതബോധന കേന്ദ്രം.

**ഫാ. അരുൺ കലമറ്റത്തിൽ** : അസിസ്റ്റന്റ് ഡയറക്ടർ, മതബോധന കേന്ദ്രം (അഡീഷണൽ).

**ഫാ. സന്തോഷ് മുരിക്കനാനിക്കൽ** : വികാരി, സെന്റ് ജോസഫ് ചർച്ച് കാരറ & ശാന്തിനാഥാ ചർച്ച്, ശാന്തിതടം; കപ്ലോൻ, ക്രിസ്തുജ്യോതി ഭവൻ, കാരറ.

**ഫാ. ജിബി എട്ടൊന്നിൽ** : റിലീവ്ഡ് വികാരി, കാരറ & ശാന്തിതടം

**ഫാ. ജോസഫ് മൈലാപറമ്പിൽ** : റിലീവ്ഡ് അസ്സോസിയേറ്റ് വികാരി, കാരറ & ശാന്തിതടം

**ഫാ. ജോമി തേക്കംക്കാട്ടിൽ** : വികാരി, സെന്റ് മേരിസ് ചർച്ച്, പുല്ലിശ്ശേരി & ക്രിസ്തു ജ്യോതി ചർച്ച്, കൈതച്ചിറ; കപ്ലോൻ, സെന്റ് മേരീസ് കോൺവെന്റ്, പുല്ലിശ്ശേരി & ഉറുസലൈൻ കോൺവെന്റ്, കൈതച്ചിറ.

**ഫാ. ഷെർജോ മലേക്കുടിയിൽ** : വികാരി, സെന്റ് ജോസഫ് ചർച്ച്, നീതിപുരം & ഇൻഫന്റ് ജീസസ്സ് ചർച്ച് ബാലേശ്വരം; കപ്ലോൻ, അൽഫോൻസാ ഭവൻ, നീതിപുരം.

**ഫാ. മാർട്ടിൻ ഏറ്റുമാനൂക്കാരൻ** : വികാരി, സെന്റ് ഫ്രാൻസീസ് അസ്സീസി ചർച്ച്, കടമ്പൂർ & സെന്റ് മേരീസ് ചർച്ച്, ചെർപ്പുളശ്ശേരി; കപ്ലോൻ, കാർമ്മൽ മാതാ കോൺവെന്റ്, കടമ്പൂർ.

**ഫാ തോമസ്സ് വടക്കുംഞ്ചേരി** : റിലീവ്ഡ് വികാരി, സെന്റ് മേരീസ് ചർച്ച് ചെർപ്പുളശ്ശേരി.

**ഫാ. ജെയ്ജിൻ വെള്ളിയാംകണ്ടത്തിൽ** : വികാരി, ഗുഡ് ഷെപ്പേർഡ് ചർച്ച്, പോത്തുണ്ടി; അസിസ്റ്റന്റ് ഡയറക്ടർ, ക്രിസ്റ്റീൻ; കപ്ലോൻ, സെന്റ് ജോൺ ദ ഇവാഞ്ചലിസ്റ്റ് കോൺവെന്റ്, പോത്തുണ്ടി.

**ഫാ. ഫ്രാൻസീസ് തോട്ടങ്കര** : വികാരി, സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് ഇരുമ്പകചോല; കപ്ലോൻ, കാർമ്മൽ ഹൗസ്, ഇരുമ്പകചോല.

**ഫാ. ജോഷി പുലിക്കോട്ടിൽ** : രൂപതാ ഫിനാൻസ് ഓഫീസർ, എപ്പാർക്യൽ കൺസൾട്ടർ, വികാരി ദിവ്യകാരുണ്യ ചർച്ച് വാലുപറമ്പ്

**ഫാ. ഡൊമനിക്ക് ഐപ്പൻപറമ്പിൽ** : റിലീവ്ഡ്, രൂപതാ ഫിനാൻസ് ഓഫീസർ.

**ഫാ. സീജോ കാരിക്കാട്ടിൽ** : അസിസ്റ്റന്റ് ഡയറക്ടർ, പി.എസ്.എസ്. പി; വികാരി, വിമലഹൃദയ ചർച്ച്, കൊടുന്തിരപ്പള്ളി.

**ഫാ. ടോണി കോഴിപ്പാടൻ** : വികാരി, ക്രിസ്തുരാജ ചർച്ച്, കണ്ടമംഗലം & ദേവമാതാ ചർച്ച്, പുറ്റാനിക്കാട; കപ്ലോൻ, ശാന്തിഭവൻ, കണ്ടമംഗലം.

**ഫാ. ജോസ് ചെനിയറ** : വികാരി, സെന്റ് തോമസ്സ് ചർച്ച്, പൊൻകണ്ടം; കപ്ലോൻ, സാന്തോം കോൺവെന്റ്, പൊൻകണ്ടം.

**ഫാ. ജോർജ്ജ് മാളിയേക്കൽ** : സെന്റ് പീറ്റേഴ്സ് ചർച്ച്, മാങ്കുറിശ്ശി.



**Palakkad Rupatha Bulletin, Bishop's House, Palakkad - 678 004.**
Editor: Fr. Jaimon Pallineerakkal, Online Publication: Fr. Shyju Naduvathaniyil

## Names of priests who are to lead the adoration at Nithyaaraadhana Chapel, Palakkad.

| Date | Day | Name |
|---|---|---|
| 01-Apr-11 | FRI | Rev.Fr. Plathottathil Jinse |
| 02-Apr-11 | SAT | Rev.Fr. Ponkattil Binu |
| 04-Apr-11 | MON | Rev. Fr. Ponmani Jose |
| 05-Apr-11 | TUE | V. Rev. Fr. Potteparambil Jose |
| 06-Apr-11 | WED | Rev. Fr. Poovathanikunnel Jacob |
| 07-Apr-11 | THU | Rev. Fr. Pulickathazhe Sebastian |
| 08-Apr-11 | FRI | V. Rev. Fr. Pulikkottil Joshy |
| 09-Apr-11 | SAT | Rev. Fr. Pullukalayil Reny |
| 11-Apr-11 | MON | Rev.Fr. Puramadathil Jino |
| 12-Apr-11 | TUE | Rev.Fr. Puthenpurayil Joshy |
| 13-Apr-11 | WED | Rev. Fr. Puthukara John |
| 14-Apr-11 | THU | Rev. Fr. Thaikattil Anto |
| 15-Apr-11 | FRI | Rev. Fr. Thamarassery Sebastian |
| 16-Apr-11 | SAT | Rev. Fr. Thanickal Thomas |
| 18-Apr-11 | MON | Rev. Fr. Tharaniyil Paul |
| 19-Apr-11 | TUE | Rev. Fr. Thattil Martin |
| 20-Apr-11 | WED | Rev. Fr. Thattil Sebastian |
| 26-Apr-11 | TUE | Rev. Fr. Thekkumkattil Jomy |
| 27-Apr-11 | WED | V. Rev. Fr. Theruvankunnel George |
| 28-Apr-11 | THU | Rev. Fr. Thoonikavil Jose Prakash |
| 29-Apr-11 | FRI | Rev. Fr. Thottankara Francis |
| 30-Apr-11 | SAT | V. Rev. Fr. Thottian Paul |

**NB: The Rev. Fathers are to reach the Adoration Chapel on the previous day at 3.00 p.m and do the ministry till 3.00 p.m on the given day.**





# വിശ്വാസ പരിശീലനം

**ഒത്തിരി നന്ദിയോടെ**

എട്ട് വർഷക്കാലം വിശ്വാസ പരിശീലനത്തിന്റെ എല്ലാമായി തീരുകയും പാലക്കാട് രൂപതയുടെ മതബോധന പ്രവർത്തനങ്ങൾ മറ്റു രൂപതയെ വെല്ലുന്ന ഒന്നാക്കി മാറ്റുകയും ചെയ്ത ഞങ്ങളുടെ സ്നേഹം നിറഞ്ഞ വാഴയിലച്ചന് ഒരായിരം നന്ദി. പാലക്കാട് രൂപതയുടെ മതബോധനരംഗം പരിശോധിച്ചാൽ അങ്ങയെ മാറ്റി നിർത്തിയുള്ള ഒരു ചരിത്രം സാധ്യമല്ല. എട്ട് വർഷക്കാലത്തെ മതബോധനകേന്ദ്രത്തിലെ പ്രവർത്തനങ്ങളിൽ നിന്ന് വിരമിക്കുന്ന ഈ അവസരത്തിൽ മതബോധനകേന്ദ്രത്തിൽ നിന്നുള്ള ഹൃദ്യമായ നന്ദിയും സ്നേഹവും കടപ്പാടും അറിയിക്കട്ടെ. ഇനിയുള്ള പൗരോഹിത്യ ജീവിതം ദൈവാനുഗ്രഹം നിറഞ്ഞതാകട്ടെയെന്ന് ആശംസിക്കുന്നു, പ്രാർത്ഥിക്കുന്നു.

**ഹൃദയമായ സ്വാഗതം**

'ചെറിയ കാര്യങ്ങളിൽ വിശ്വസ്തനായിരുന്നാൽ വലിയ കാര്യങ്ങൾ ഏല്പിക്കും' എന്ന കർത്താവിന്റെ വചനം അനുസ്മരിപ്പിക്കും വിധം മതബോധനകേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കാൻ ഡയറക്ടറായി കടന്നുവന്നിരിക്കുന്ന ബഹു. ജോമിസ് കൊടകശ്ശേരിയച്ചനും അച്ചനെ എല്ലാ കാര്യങ്ങളിലും സഹായിക്കാൻ അസി. ഡയറക്ടറായി സ്ഥാനമേറ്റിരിക്കുന്ന അരുൺ കലമറ്റത്തിലച്ചനും സ്നേഹനിർഭരമായ സ്വാഗതം.

**ഫൊറോന കൗൺസിലുകൾ**

2011–2012 അദ്ധ്യയന വർഷത്തെക്കുറിച്ച് ചർച്ചചെയ്യാനും ചിന്തിക്കുവാനുമായി ഏപ്രിൽ മാസത്തിൽ ഫൊറോനകളിൽ ഫൊറോന കൗൺസിലുകൾ സമ്മേളിക്കുന്നു. പ്രധാന അധ്യാപകരും സെക്രട്ടറിമാരും ഫൊറോന കൗൺസിലുകളിൽ നിർബന്ധമായും സംബന്ധിക്കേണ്ടതാണ്.

**ഫൊറോന കൗൺസിൽ: സ്ഥലവും തിയ്യതിയും**

| | |
|---|---|
| ഏപ്രിൽ 1 വെള്ളി | ഒലവക്കോട് ഫൊറോന<br>(10.30 to 1.00 pm.ഫൊറോനപള്ളി) |
| ഏപ്രിൽ 2 ശനി | ഒറ്റപ്പാലം ഫൊറോന<br>(10.30am to 1.00 pm. ഫൊറോനപള്ളി)<br>പാലക്കാട് ഫൊറോന<br>(2.30 pm to 5.00 pm. പാസ്റ്ററൽ സെന്റർ) |
| ഏപ്രിൽ 11 തിങ്കൾ | കാഞ്ഞിരപ്പുഴ ഫൊറോന<br>(10.00 am to 1.00 pm. ഫൊറോനപള്ളി)<br>മണ്ണാർക്കാട് ഫൊറോന |



**Palakkad Rupatha Bulletin, Bishop's House, Palakkad - 678 004.**
Editor: Fr. Jaimon Pallineerakkal, Online Publication: Fr. Shyju Naduvathaniyil

| | |
|---|---|
| | (2.30Pm to 5.00 pm. ഫൊറോനപള്ളി) |
| ഏപ്രിൽ12 ചൊവ്വ | താവളം ഫൊറോന |
| | (2.30 to5.00 pm. ഫൊറോനപള്ളി) |
| ഏപ്രിൽ 13 ബുധൻ | മേലാർക്കോട് ഫൊറോന |
| | (10.00am to 1.00 pm. നെന്മാറപള്ളി) |
| | തത്തമംഗലം ഫൊറോന |
| | (2.30 to 5.00 pm.ഫൊറോനപള്ളി) |
| ഏപ്രിൽ 14 വ്യാഴം | പൊന്നംങ്കോട് ഫൊറോന |
| | (10.00 to 1.00 pm. ഫൊറോനപള്ളി) |
| ഏപ്രിൽ 15 വെള്ളി | വടക്കഞ്ചേരി ഫൊറോന |
| | (10.00am to 1.00 pm. ഫൊറോനപള്ളി) |
| | മംഗലം ഡാം ഫൊറോന |
| | (3.00pm to 5.00 pm. ഫൊറോനപള്ളി) |

**റീ. എക്സാമിനേഷൻ**

X, II,HDC ക്ലാസ്സുകളിലെ പരീക്ഷാ എഴുതാത്തവർക്കും തോറ്റവർക്കുമായി ഉള്ള റീ എക്സാമിനേഷൻ **മാർച്ച് 27-ാം തിയ്യതി ഞായറാഴ്ച** അതാതു സെന്ററുകളിൽ വെച്ച് നടക്കുന്നതായിരിക്കും മാർച്ച് 28-ാം തിയ്യതി തിങ്കളാഴ്ച തന്നെ ഉത്തരകടലാസുകൾ മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. 10th, II HDC ക്ലാസുകളിലെ റീ എക്സാമിനേഷന്റെ ചോദ്യപേപ്പർ ആവശ്യമുള്ളവർ മാർച്ച് 10-ാം തിയ്യതിക്ക് മുൻപായി മതബോധന കേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്. 20-ാം തിയ്യതി 10, 12 ക്ലാസ്സുകൾക്ക് പരീക്ഷ നടക്കുന്നതുകൊണ്ടാണ് 27-ാം തിയ്യതിയിലേക്ക് മാറ്റിയത്.

**Xth, 11 HDC റാങ്ക് ജേതാക്കൾ**

2010-2011 അദ്ധ്യായന വർഷത്തിലെ 10,12 ക്ലാസ്സുകളിലെ റാങ്ക് ജേതാക്കളുടെ പേര് താഴെ കൊടുക്കുന്നു.

**Xth**

| | | | |
|---|---|---|---|
| I Rank | ദിവ്യടൈറ്റസ് | പൊന്നംകോട് | 76 |
| II Rank | ആൻമരിയ | കരിമ്പ | 75 |
| III Rank | മീനു തോമസ് | കല്ലടിക്കോട് | 74 |

**II HDC**

| | | | |
|---|---|---|---|
| I Rank | ജോയ്സ് ജോസഫ് | പൂഞ്ചോല | 78 |
| II Rank | ഗീതു ലോറൻസ് | ഇരുമ്പകച്ചോല | 77 |
| III Rank | അഖില റോയ് | പൂഞ്ചോല | 76 |

അഭിനന്ദനങ്ങൾ

**സ്കൊളാസ്റ്റിക് ടെസ്റ്റ്**

മതാദ്ധ്യാപകർക്കായുള്ള സ്കൊളാസ്റ്റിക് ടെസ്റ്റ് മാർച്ച് 6-ാം തിയതി ഞായറാഴ്ച 10.00am മുതൽ 12.30pm വരെ അതാതു യൂണിറ്റുകളിൽ





വച്ച് നടക്കുന്നതാണ്. എല്ലാ മതാദ്ധ്യാപകരും പരീക്ഷയിൽ പങ്കെടുക്കേണ്ടതാണ്.

**പഠനഭാഗം**

| | |
|---|---|
| ജനറൽ ക്ലിസ് | 60 മാർക്ക് |
| ആറ്റുതീരത്തെ വൃക്ഷം | 30 മാർക്ക് |
| സഭാസംബന്ധമായ പൊതു വിജ്ഞാനം | 10 മാർക്ക് |
| **ആകെ** | **100 മാർക്ക്** |

ചോദ്യപേപ്പറിലെ എല്ലാ ചോദ്യങ്ങളും ഒറ്റവാക്കിൽ ഉത്തരം എഴുതേണ്ടതാണ്. ഉത്തരക്കടലാസിൽ പേര് എഴുതരുത്. പേരും ഇടവകയും ഒരു സ്ലിപ്പിൽ എഴുതി പിൻ ചെയ്യുക. ഉത്തരക്കടലാസിൽ ഇടവകയുടെ സീൽ വെയ്ക്കരുത്. ഉത്തരക്കടലാസ് മാർച്ച് 7-ാം തിങ്കളാഴ്ച മതബോധനകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**സ്കോളർഷിപ്പ് പരീക്ഷ**

IV,VII,X,XII സൺഡേസ്കൂൾ ക്ലാസുകളിൽ നിന്ന് സ്കോളർഷിപ്പിന് തിരഞ്ഞെടുക്കപ്പെട്ടവരുടെ ലിസ്റ്റ് മതബോധനകേന്ദ്രത്തിൽ എത്തിക്കേണ്ട അവസാന ദിവസം മാർച്ച് 13-ാതിയ്യതി ഞായറാഴ്ചയാണ്. സ്കോളർഷിപ്പ് പരീക്ഷാ ഏപ്രിൽ 16-ാം തിയ്യതി ശനിയാഴ്ചായാണ്. (വിശദവിവരങ്ങൾക്ക് കലണ്ടറിന്റെ 43-ാം പേജ് കാണുക.)

**സ്കോളർഷിപ്പ് പരീക്ഷാകേന്ദ്രങ്ങൾ**

| | |
|---|---|
| കാഞ്ഞിരപ്പുഴ ഫൊറോന | ഫൊറോനപാരിഷ്ഹാൾ |
| മംഗലം ഡാം ഫൊറോന | ഫൊറോന പാരിഷ്ഹാൾ |
| മണ്ണാർക്കാട് ഫൊറോന | ഫൊറോന പാരിഷ്ഹാൾ |
| മേലാർക്കോട് ഫൊറോന | നെന്മാറ പാരിഷ്ഹാൾ |
| ഒലവക്കോട് ഫൊറോന | സെന്റ് തോമസ് സ്കൂൾ ഒലവക്കോട് |
| ഒറ്റപ്പാലം ഫൊറോന | ഫൊറോന പാരിഷ്ഹാൾ |
| പാലക്കാട് ഫൊറോന | കത്തിഡ്രൽ സ്കൂൾ |
| പൊന്നംകോട് ഫൊറോന | ഫൊറോന പാരിഷ്ഹാൾ |
| തത്തമംഗലം ഫൊറോന | ഫൊറോന പാരിഷ്ഹാൾ |
| താവളം ഫൊറോന | കൂക്കംപാളയം സ്കൂൾ |
| വടക്കഞ്ചേരി ഫൊറോന | ചെറുപുഷ്പം സ്കൂൾ |

**വിഷൻ ക്യാമ്പ്-2011**

10-ാംക്ലാസ്സിൽ ഈ വർഷം പരീക്ഷയെഴുതിയ കുട്ടികൾക്കായി മൂന്നു ദിവസത്തെ ജീവിതദർശന ക്യാമ്പ് രൂപതാമതബോധന കേന്ദ്രം സംഘടിപ്പിക്കുന്നു. സ്കൂൾ വിദ്യാഭ്യാസത്തിന്റെ ആദ്യപടി പിന്നിട്ട് പുതിയ തലമുറയ്ക്ക് ജീവിതത്തെക്കുറിച്ചുള്ള വ്യക്തമായ ഉൾക്കാഴ്ച നൽകുകയാണ് ക്യാമ്പിന്റെ ലക്ഷ്യം. കരിയർഗൈഡൻസ്, വ്യക്തിത്വവികാസം, ആദ്ധ്യാത്മിക



**Palakkad Rupatha Bulletin, Bishop's House, Palakkad - 678 004.**
Editor: Fr. Jaimon Pallineerakkal, Online Publication: Fr. Shyju Naduvathaniyil

ദൈവവിളി തുടങ്ങിയ വ്യക്തി ജീവിതത്തിന്റെ സമഗ്ര വളർച്ചക്കാവശ്യമായ വ്യത്യസ്തവിഷയങ്ങളിൽ വിദഗ്ദർ ക്ലാസെടുക്കുന്നു. എല്ലാ കുട്ടികൾക്കും സംബന്ധിക്കാൻ സഹായമായവിധത്തിൽ ഫൊറോനകളെ സംയോജിപ്പിച്ചാണ് ക്യാമ്പ് ഒരുക്കുന്നത്.10-ാംക്ലാസ്സ് പരീക്ഷയെഴുതിയിരിക്കുന്ന എല്ലാ കുട്ടികളെയും ക്യാമ്പുകളിൽ പങ്കെടുപ്പിക്കാൻ ബഹു.വികാരിയച്ചന്മാരും, അദ്ധ്യാപകരും പരിശ്രമിക്കുമല്ലോ. പങ്കെടുക്കുന്ന കുട്ടികളുടെ നമ്പറും പേരും നേരത്തെ തന്നെ മതബോധന കേന്ദ്രത്തിൽ അറിയിക്കാൻ ശ്രദ്ധിക്കുമല്ലോ.

**ക്യാമ്പുകൾ നടക്കുന്ന സ്ഥലവും തിയതിയും**

I. ഏപ്രിൽ 4 മുതൽ 6 വരെ - മേലാർക്കോട്, മംഗലംഡാം, ഒലവക്കോട്, പാലക്കാട്, തത്തമംഗലം, വടക്കഞ്ചേരി ഫൊറോനകൾക്ക് പാലക്കാട് പാസ്റ്ററൽ സെന്ററിൽ വെച്ച് ക്യാമ്പുകൾ നടക്കുന്നു.

II. ഏപ്രിൽ 7 മുതൽ 9 വരെ- കാഞ്ഞിരപ്പുഴ, മണ്ണാർക്കാട്, ഒറ്റപ്പാലം, പൊന്നംകോട്, താവളം എന്നീ ഫൊറോനകൾക്ക് പാലക്കാട് പാസ്റ്ററൽ സെന്ററിൽ വെച്ച് ക്യാമ്പുകൾ നടക്കുന്നു.

ആദ്യ ദിവസം വൈകുന്നേരം 5.00 ന് രജിസ്ട്രേഷനോടുകൂടി ആരംഭിച്ച് സമാപനദിവസം വൈകുന്നേരം 3.30 ന് ക്യാമ്പ് അവസാനിക്കുന്നു. ക്യാമ്പിൽ പങ്കെടുക്കുവാൻ ഒരാൾക്ക് 100/- രൂപയാണ് രജിസ്ട്രേഷൻ ഫീസ്.

**ക്രിസ്റ്റ്യൻ ധ്യാനം**

വിശ്വാസപരിശീലന ക്ലാസ്സുകളിലൂടെ ലഭിച്ച മിശിഹാനുഭവം ആഴപ്പെടുത്തുന്നതിനും പ്രായോഗിക തലങ്ങളിൽ തീക്ഷണതയും ഊർജ്ജസ്വലതയുമുള്ള ക്രിസ്തു ശിഷ്യരായി വർത്തിക്കുന്നതിനുള്ള ശക്തിയും പ്രചോദനവും ഉൾക്കൊള്ളുന്നതിനും സഹായകമായി കുട്ടികൾക്കായി ക്രിസ്റ്റ്യൻ ധ്യാന പരിപാടികൾ സംഘടിപ്പിക്കുന്നു.

2011 ഏപ്രിൽ 25-ാം തിയതി തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 4മണിക്ക് രജിസ്ട്രേഷൻ ആരംഭിക്കുന്നു. 29-ാം തിയതി വെള്ളിയാഴ്ച രാവിലെ ധ്യാനം സമാപിക്കുന്നു. പാസ്റ്ററൽ സെന്ററിൽവച്ചായിരിക്കും ധ്യാനം നടക്കുക. രജിസ്ട്രേഷൻ ഫീസ് 300 രൂപ. ക്രിസ്റ്റ്യൻ ധ്യാനം നയിക്കുന്നത് റവ. ഫാ. റെനി പുല്ലുകാലായിൽ & ടീം

**സൺഡേ സ്കൂൾ റിസൾട്ട്**

വേദപാഠ പരിഷയുടെ റിസൾട്ട് മാർച്ച് 13 ന് എല്ലാസൺഡേ സ്കൂളികളിലും പ്രസീദ്ധീകരിക്കുമല്ലോ.

**II HDC ക്ലാസ്സുകളിലെ സർട്ടിഫിക്കറ്റുകളും ഫോമുകളും**

**10, 12** ക്ലാസുകളിലെ സർട്ടിഫിക്കറ്റുകളും ഫോമുകളും ഇന്റേണൽമാർക്കും ഇനിയും മതബോധന കേന്ദ്രത്തിൽ എത്തിക്കാത്തവർ എത്രയും പെട്ടെന്ന് എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**സ്കൂൾ കാറ്റിക്കിസം സന്മാർഗശാസ്ത്രം സ്കോളർഷിപ്പ്**

IV, VII, X, XII ക്ലാസുകളിൽ നിന്നും ഏറ്റവും കൂടുതൽ മാർക്കുള്ള(കുറഞ്ഞത് 70% മാർക്ക്) മൂന്ന് കുട്ടികൾക്ക് പേർ രജിസ്റ്റർ ചെയ്യാവുന്നതാണ്. മാർച്ച് 7-ാം തിയ്യതിക്ക് മുൻപായി മതബോധന കേന്ദ്രത്തിൽ പേർ രജിസ്റ്റർചെയ്യേണ്ടതാണ്. സ്കോളർഷിപ്പ് പരിക്ഷാ ഏപ്രിൽ 4-ാം തിയ്യതി തിങ്കളാഴ്ച 10.00 മണി മുതൽ 12.00 മണി വരെ മേഖല സെന്ററുകളിൽ വെച്ച് നടത്തപ്പെടുന്നു.





**പരീക്ഷാകേന്ദ്രങ്ങൾ**

| | |
|---|---|
| പാലക്കാട് മേഖല | കാണിക്കമാതാസ്കൂൾ |
| മണ്ണാർക്കാട് മേഖല | ഹോളിഫാമിലിസ്കൂൾ പൊന്നംകോട് |
| വടക്കഞ്ചേരി മേഖല | ചെറുപുഷ്പം സ്കൂൾ വടക്കൻഞ്ചേരി |
| താവളം മേഖല | സെന്റ് പീറ്റേഴ്സ് സ്കൂൾ കൂക്കംപാളയം |

**റെഗുലർ സ്കൂൾ പ്രവർത്തന റിപ്പോർട്ട്**

വിശ്വാസരൂപീകരണ കർമ്മപദ്ധതി അദ്ധ്യായന വർഷത്തിൽ പ്രാവർത്തിക മാക്കിയതിന്റെ റിപ്പോർട്ട് മാർച്ച് 31 തിയ്യതി മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**റെഗുലർസ്കൂൾ സ്കോളർഷിപ്പ് കേന്ദ്രീകൃത മൂല്യനിർണ്ണയം**

റെഗുലർ സ്കൂൾ സ്കോളർഷിപ്പ് പരീക്ഷയുടെ കേന്ദ്രീകൃതമൂല്യനിർണ്ണയം ഏപ്രിൽ 9-ാംതിയ്യതി ശനിയാഴ്ച10,00 am മുതൽ 4.00 pm വരെ പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കുന്നതാണ്. അറിയിപ്പ് ലഭിക്കുന്ന എല്ലാ അധ്യാപകരും മൂല്യനിർണ്ണയക്യാമ്പിൽ സംബന്ധിക്കേണ്ടതാണ് ടീച്ചേഴ്സ് പഠിപ്പിക്കുന്ന പുസ്തകവും കൂടെ കൊണ്ടുവരേണ്ടതാണ്.

**ഫാ. മാത്യു വാഴയിൽ**

ഡയറക്ടർ, വിശ്വാസപരിശീലനവേദി

## Bible Apostolate

**ലോഗോസ് ക്വിസ് 2011**

വരുന്ന വർഷത്തെ രൂപതാതല ലോഗോസ് ക്വിസ് സെപ്തംബർ 25-നും സംസ്ഥാനതല ലോഗോസ് ക്വിസ് നവംബർ 27-നും ആയിരിക്കും.

**പഠനഭാഗം**

പുറപ്പാട് 16-24

മത്തായി 15-28

പത്രോസ് എഴുതിയ ഒന്നാം ലേഖനം

**ഫാ. മാത്യു വാഴയിൽ**

ഡയറക്ടർ, ബൈബിൾ അപ്പസ്റ്റോലേറ്റ്



Palakkad Rupatha Bulletin, Bishop's House, Palakkad - 678 004.
Editor: Fr. Jaimon Pallineerakkal, Online Publication: Fr. Shyju Naduvathaniyil

# തിരുബാലസഖ്യം

**രൂപതാ കലോത്സവം 2011 വിജയികൾ**

Junior

**പെൻസിൽ ഡ്രോയിങ്**

| | | |
|---|---|---|
| I | അനിറ്റഷാജു, | ഒലവക്കോട് |
| II | അലൻതോമസ് | കണ്ണമ്പ്ര |
| III | ടിങ്കിൾ | കല്ലടിക്കോട് |

**ലളിതഗാനം**

| | | |
|---|---|---|
| I | മേരി ആൻ | മാങ്കാവ് |
| II | മെറിൻ സോജൻ | മണ്ണാർക്കാട് |
| III | സാന്ദ്ര ജോസ് | ഷൊർണ്ണൂർ |

**ബൈബിൾ കഥപറയൽ**

| | | |
|---|---|---|
| I | ഏയ്ഞ്ചൽ. പി.സി. | താവളം |
| II | മേരി ആൻ | മാങ്കാവ് |
| III | ആൻഫ്രഡ് ജോസ് | മണ്ണാർക്കാട് |

**പ്രസംഗം**

| | | |
|---|---|---|
| I | മേരി ആൻ | മാങ്കാവ് |
| II | ആഡ്‌ലിൻ ചാക്കോ | ഒറ്റപ്പാലം |
| III | ഹൃദ്യ മരിയ. എസ് | വടക്കുഞ്ചേരി |

**ആക്ഷൻ സോങ്**

| | | |
|---|---|---|
| I | നീതു ക്രിസ്തുദാസ് & ടീം | ജെല്ലിപ്പാറ |
| II | അനീറ്റ് ആൻഡ്രൂസ്& ടീം | വടക്കുഞ്ചേരി |
| III | ഡിസ്ന സിബി & ടീം | മംഗലംഡാം. |

Junior Individul champion: മേരിആൻ മാങ്കാവ് 13 points

**Seniors**

പെൻസിൽ ഡ്രോയിങ്

| | | |
|---|---|---|
| I | സിറിൾ, | ധോണി |
| II | ഫെമിനമാത്യു | ചിറ്റടി |
| III | അലീനപോൾ | കഞ്ചിക്കോട് |

**ലളിതഗാനം**

| | | |
|---|---|---|
| I | അഖിൽ അൽഫോൻസ് | ചിറ്റൂർ |
| II | സിബി | ഒറ്റപ്പാലം |
| III | മെറിൻമരിയ | ചിറ്റിലഞ്ചേരി |





**ബൈബിൾപാരായണം**

| | | |
|---|---|---|
| I | ജിതിൻമോഹൻ | അഗളി |
| II | നിമ്മി മരിയ | മങ്കാവ് |
| III | അഖിൽ അൽഫോൻസ് | ചിറ്റൂർ. |

**പ്രസംഗം**

| | | |
|---|---|---|
| I | ക്രിസ്റ്റോ പോൾ | അഗളി |
| II | നിമ്മിമരിയ | മാങ്കാവ് |
| III | നിമിഷ ആൻ ബിനോയ് | ഒലവക്കോട് |

**കഥാപ്രസംഗം**

| | | |
|---|---|---|
| I | ജോമോൻജോസ് | ആരോഗ്യപുരം |
| II | ടോജോവർഗ്ഗീസ് | കടമ്പഴിപ്പുറം |
| III | ഏയ്ഞ്ചല സണ്ണി | പൊന്നംകോട് |

**ബൈബിൾ വാകൃങ്ങൾ എഴുതൽ**

| | | |
|---|---|---|
| I | ജൂഡിത്ത് റോസ് | കത്തിഡ്രൽ |
| II | തെരേസ് തോമസ് | പൊന്നംകോട് |
| III | മരിയവർഗ്ഗീസ് | കയറാടി |

**ഗ്രൂപ്പ് സോങ്**

| | | |
|---|---|---|
| I | സ്നേഹ & ടീം | പൊന്നങ്കോട് |
| II | മേരി & ടീം | മാങ്കാവ് |
| III | ടീനടെന്നി& ടീം | കയറാടി |

**ആക്ഷൻ സോങ്**

| | | |
|---|---|---|
| I | ഏയ്ഞ്ചൽ ജോർജ്ജ് & ടീം | ആരോഗ്യപുരം |
| II | ഷാരോൺ & ടീം | ചിറ്റടി |
| III | ശ്രദ്ധമരിയ & ടീം | ഒലവക്കോട് |

**ക്വിസ്**

| | | |
|---|---|---|
| I | ഡെൽഫി & ടീം | കഞ്ചിക്കോട് |
| II | സീന ബാബു& ടീം | കൈതച്ചിറ |
| III | ജോസി &ടീം | മൈലംപുള്ളി |

**ആൽബം**

| | | |
|---|---|---|
| I | സെന്റ് മേരീസ് ചർച്ച് | മൈലംപുള്ളി. |
| II | ഹോളി ട്രിനിറ്റി ചർച്ച് | താവളം |
| III | സെന്റ് മേരീസ് ചർച്ച് | പാലക്കയം |

Senior Individual champion അഖിൽ അൽഫോൻസ്, ചിറ്റൂർ 6 Points

**ഫൊറോന തല വിജയികൾ**

Seniors I പാലക്കാട് ഫൊറോന 27 Points



Palakkad Rupatha Bulletin, Bishop's House, Palakkad - 678 004.
Editor: Fr. Jaimon Pallineerakkal, Online Publication: Fr. Shyju Naduvathaniyil

| | | | |
|---|---|---|---|
| | II | വടക്കുഞ്ചേരി ഫൊറോന | 15 Points |
| | III | പൊന്നംകോട് ഫൊറോന | 14 Points |
| Juniors | I | താവളം ഫൊറോന | 15 Points |
| | II | പാലക്കാട് ഫൊറോന | 13 points |
| | III | വടക്കഞ്ചേരി ഫൊറോന | 9 Points |

**Best Unit**

Seniors ആരോഗ്യപുരം Junior- - മാങ്കാവ്

**അഭിനന്ദനങ്ങൾ**

സമ്മാനർഹരായ എല്ലാ കുഞ്ഞു മക്കൾക്കും അഭിനന്ദനങ്ങൾ. കുഞ്ഞുങ്ങളെ പ്രോത്സാഹിപ്പിക്കുന്ന മാതാപിതാക്കൾക്കും ആനിമേറ്റേർമാർക്കും ബഹു. വികാരിയച്ചന്മാർക്കും അഭിനന്ദനങ്ങൾ നേരുന്നു.

**നന്ദി**

രൂപതാ കലോത്സവത്തിന്റെ വിജയത്തിനായി സഹായിച്ച ബഹു. സി. റീത്താ ജോസ് സി.എം.സി, ബ്ര. ടോണി, ബ്ര. ആന്റോ എന്നിവർക്കും എല്ലാ ആനിമേറ്റേഴ്സിനും മാതാപിതാക്കൾക്കും വിശിഷ്യ ഫൊറോന ഡയറക്ടർമാരായ എല്ലാ. ബഹു. വൈദികർക്കും ഒത്തിരി നന്ദി.

**തിരുബാലസഖ്യം കളക്ഷൻ.**

തിരുബാലസഖ്യ ദിനത്തോടനുബന്ധിച്ച് ഇടവകകളിൽ സമാഹരിച്ച തുക മാർച്ച് 31 നകം രൂപതാ ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

**വിജയാശംസകൾ**

വാർഷികപരീക്ഷക്കൊരുങ്ങുന്ന എല്ലാ കൂട്ടുകാർക്കും ദൈവാനുഗ്രഹങ്ങളും ഒപ്പം വിജയാശംസകളും നേരുന്നു.

**ഫാ. ജസ്റ്റിൻ കോലംകണ്ണി**
ഡയറക്ടർ, തിരുബാലസഖ്യം

# കെ.സി.വൈ.എം.

**സ്പെഷ്യൽ സെനറ്റ്**

2011-2012 പ്രവർത്തനവർഷ ഉദ്ഘാടനവും കർമ്മപദ്ധതി പ്രകാശനവും മാർച്ച് 19-ാം തിയ്യതി രൂപതാ പാസ്റ്ററൽ സെന്ററിൽ സമ്മേളിക്കുന്ന സ്പെഷ്യൽ സെനറ്റിൽ വെച്ച് നടത്തപ്പെടുന്നു. ഓരോ യൂണിറ്റുകളിലേയും ഫൊറോനകളിലേയും ഭാരവാഹികളും ആനിമേറ്റേഴ്സും മാത്രമാണ് സെനറ്റിൽ പങ്കെടുക്കേണ്ടത്. രൂപതാ സെക്രട്ടേറിയേറ്റിലെ ഭാരവാഹിത്വം പൂർത്തിയാകാത്ത സ്ഥാനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് പ്രസ്തുത സെനറ്റിൽ





വെച്ച് നടത്തപ്പെടുന്നതാണ്. സെനറ്റ് മാർച്ച് 19-ാം തിയ്യതി രാവിലെ 10 മണിക്ക് ആരംഭിച്ച് ഉച്ചകഴിഞ്ഞ് 4 മണിക്ക് അവസാനിക്കും. (രജിസ്ട്രേഷൻ ഫീസ്: ഒരു യൂണിറ്റിന് 100 രൂപ). സെനറ്റിൽ പങ്കെടുക്കുന്ന യൂണിറ്റ് - ഫൊറോന ഭാരവാഹികൾ ഇടവക വികാരിയുടെ സാക്ഷ്യപത്രം നിർബന്ധമായും കൊണ്ടുവരേണ്ടതാണ്.

**കരിയർ ഗൈഡൻസ് പ്രോഗ്രാം**

കേരളത്തിനകത്തും പുറത്തുമുള്ള കോളേജുകളിൽ പഠനം നടത്തുന്നവരും, തുടർപഠനം നടത്താനാഗ്രഹിക്കുന്നവരുമായ വിദ്യാർത്ഥികൾക്കായി കെ.സി.വൈ.എം. പാലക്കാട് രൂപതയുടെയും സംസ്ഥാന സമിതിയുടെയും സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന Kairos Education Expo ഏപ്രിൽ 7-ാം തിയ്യതി രാവിലെ 9 മുതൽ വൈകീട്ട് 4 വരെ മണ്ണാർക്കാട് ഹോളി സ്പിരിറ്റ് ദേവാലയത്തോടു ചേർന്നുള്ള കല്പന ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടുന്നു. അന്നേദിവസം കോളേജ് വിദ്യാർത്ഥികൾക്ക് ഗുണകരമാകുന്ന വിധത്തിൽ ഒരു സെമിനാറും പ്രസ്തുത പ്രോഗ്രാമിനോടനുബന്ധിച്ച് നടത്തപ്പെടുന്നതാണ്.

**ആനിമേറ്റേഴ്സ് മീറ്റ്**

നമ്മുടെ രൂപതയിൽ സംഘടനയുടെ വളർച്ചയ്ക്ക് ചുക്കാൻ പിടിക്കുന്ന എല്ലാ യൂണിറ്റുകളിലേയും ഫൊറോനകളിലേയും ആനിമേറ്റേഴ്സിന്റെ ഒരു മീറ്റിങ്ങും സെമിനാറും ഏപ്രിൽ 8,9 തിയ്യതികളിൽ മുണ്ടൂർ യുവക്ഷേത്രയിൽ വച്ച് നടത്തപ്പെടുന്നു.ഏപ്രിൽ 8 ന് വൈകുന്നേരം 5 മണിക്ക് ആരംഭിക്കുന്ന മീറ്റ് ഏപ്രിൽ 9 ന് വൈകുന്നേരം 4 മണിക്ക് അവസാനിക്കുന്നു. എല്ലാ യൂണിറ്റ്, ഫൊറോന ആനിമേറ്റേഴ്സും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. (രജിസ്ട്രേഷൻഫീസ്: ഒരാൾക്ക് 100 രൂപ)

**ഡയറക്ടേഴ്സ് മീറ്റ്**

വിവിധ ഫൊറോനകളിൽ കേരള കത്തോലിക്കാ യുവജനപ്രസ്ഥാനത്തെ നവീകരിച്ചുകൊണ്ടിരിക്കുന്ന ഫൊറോന ഡയറക്ടർമാരുടെ മീറ്റിംഗ് മാർച്ച് 12-ാം തിയ്യതി ഉച്ചകഴിഞ്ഞ് 3 മണിക്ക് പാസ്റ്ററൽ സെന്ററിൽ വച്ചു കൂടുന്നതാണ്.

**ഫൊറോന, യൂണിറ്റ് ഭാരവാഹികളുടെ ലിസ്റ്റ്**

പുതിയ വർഷത്തിലേയ്ക്കുള്ള യൂണിറ്റ് ഭാരവാഹികളുടെ ലിസ്റ്റും ഫൊറോന ഭാരവാഹികളുടെ ലിസ്റ്റും രൂപതാ ഓഫീസിൽ നിന്നും നൽകപ്പെട്ടിട്ടുള്ള ഫോമിൽ പൂരിപ്പിച്ച് തരാത്തവർ എത്രയും പെട്ടെന്ന് പൂരിപ്പിച്ച് രൂപതാഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**ഫാ. ടോം ജി. വടക്കേക്കര**
ഡയറക്ടർ, കെ.സി.വൈ.എം.



**Palakkad Rupatha Bulletin, Bishop's House, Palakkad - 678 004.**
Editor: Fr. Jaimon Pallineerakkal, Online Publication: Fr. Shyju Naduvathaniyil

# Family Apostolate

**പ്രീകാന (മാർച്ച് 7, 8, 9, 10)**

7–ാം തിയ്യതി തിങ്കളാഴ്ച രാവിലെ 10.00 മണിക്ക് ആരംഭിച്ച് 10–ാം വ്യാഴാഴ്ച ഉച്ചക്ക് 1.00 മണിക്ക് അവസാനിക്കും. വ്യാഴാഴ്ച 9.30 മുതൽ 12 മണിവരെ, പങ്കെടുക്കുന്ന കുട്ടികളുടെ മാതാപിതാക്കന്മാർക്കായി സജ്ജമാക്കിയിരിക്കുന്ന ക്ലാസിൽ നിർബന്ധമായും അവർ പങ്കെടുക്കേണ്ടതാണ്.

**പ്രത്യേക ശ്രദ്ധയ്ക്ക്.**

യുവക്ഷേത്രയിൽ മരാമത്തുപണി നടക്കുന്നതുകൊണ്ട് ഏപ്രിൽ,മെയ് മാസങ്ങളിലെ Pre-cana ധോണിയിലുള്ള STARTൽ വെച്ചായിരിക്കും നടത്തുക. ബഹു വികാരിയച്ചന്മാർ ഇതു പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**മാർച്ചിലെ ഫൊറോന കുടുംബസമ്മേളനം**

| | |
|---|---|
| മാർച്ച് 2. | കാഞ്ഞിരപ്പുഴ ഫൊറോന. |
| | സ്ഥലം : കാഞ്ഞിരപ്പുഴ പാരിഷ്ഹാൾ |
| മാർച്ച് 26 | പൊന്നംകോട് ഫൊറോന |
| | സ്ഥലം : പൊന്നംകോട് പാരിഷ് ഹാൾ |

**ഫൊറോന കുടുംബസമ്മേളന എക്സിക്യൂട്ടീവ് ബോഡി അംഗങ്ങൾ.**

| | |
|---|---|
| **Olavakode Forane:** | |
| Jacob Joseph Chakkalikkal | Olavakode |
| Varghese Kavilayil | Njarakode |
| Thomas Elavummoottil | Akamavlavaram |
| Ulahannan Vettamthadathil | Dhoni |
| Justine Karimattam | Anakallu |
| Benny Kiliroopparambil | Mylampilly |
| Johny Paleithadathil | Pulappatta |
| **Palakkad Forane** | |
| Babu M. Mathew Murigatheri | Cathedral |
| Francis Tekkath | Chandranagar |
| Thomas Manalil | Kallekad |
| Jose uppukandam | Kanjikode |
| Babu C.R | Palakkad Town |
| Mercy Babu Tholath | Kallepully |
| **Vadakkenchery Forane** | |
| Jose Vadakkekara | Vadakkenchery |
| Baby Kakkappara | Arogyapuram |
| Abraham Tettayil | Josegiri |





| | |
|---|---|
| Jacob Manjaly | Kannambra |
| Mathai Illikkal | Palakkuzhy |
| Chakko Kunnathumattam | Panakutty |
| Jose Kalapurackal | Panthalampadam |
| Sabu Pazhayachirayil | Rajagiri |
| Sibi Naganoolil | Vachanagiri |
| Thomas Mailadoor | Valkulambu |
| **Melarkode Forane** | |
| Prajeesh Cheruparamban | Melatoke |
| Sebastian Palaparambil | Chittilanchery |
| Francis Kuttikattu | Alathur |
| Vincent Pattiakarn | Nelliampathy |
| George Cheruparambil | Nemmara |
| Kuriakose Kuttivelil | Pothudnday |

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്.

# സെന്റ് മേരീസ് മൈനർ സെമിനാരി

**ഇന്റൻസീവ് കാറ്റിക്കിസം**

ഇന്റൻസീവ് കാറ്റിക്കിസത്തിന് നമ്മുടെ ബ്രദേഴ്സിന്റെ സേവനം ഈ വർഷവും ലഭ്യമാണ്. ഇടവകകളിൽ ഇന്റൻസീവ് കാറ്റിക്കിസം നടത്തുവാൻ ആഗ്രഹിക്കുന്നവർ മാർച്ച് 15 ന് മുമ്പായി തിയ്യതിയും, ബ്രദേഴ്സിന്റെ എണ്ണവും മൈനർസെമിനാരി റെക്ടറെ അറിയിക്കേണ്ടതാണ്. ബ്രദേഴ്സിന്റെ ലഭ്യത അനുസരിച്ച് ആവശ്യമായ ക്രമീകരണങ്ങൾ നടത്തുന്നതാണ്. ഈ വർഷം സാധിക്കുന്നിടത്തോളം ഞായറാഴ്ചകളിൽ കാറ്റിക്കിസം ആരംഭിച്ച് വെള്ളിയാഴ്ചകളിൽ അവസാനിക്കുന്ന വിധമാണ് ക്രമീകരിച്ചിരിക്കുന്നത്.

കാറ്റിക്കിസത്തിന്റെ തിയ്യതികൾ താഴെകൊടുക്കുന്നു.

1. ഏപ്രിൽ 3 മുതൽ ഏപ്രിൽ 8 വരെ
2. ഏപ്രിൽ 10 മുതൽ ഏപ്രിൽ 14 വരെ
3. ഏപ്രിൽ 25 മുതൽ ഏപ്രിൽ 29 വരെ
4. മെയ് 1 മുതൽ മെയ് 6വരെ.
5. മെയ് 8 മുതൽ മെയ് 13 വരെ

**ദൈവവിളിധ്യാനം**

നമ്മുടെ രൂപതയിലെ ദൈവവിളിധ്യാനം ഈ വർഷം ഏപ്രിൽ 3 മുതൽ 7



**Palakkad Rupatha Bulletin, Bishop's House, Palakkad - 678 004.**
Editor: Fr. Jaimon Pallineerakkal, Online Publication: Fr. Shyju Naduvathaniyil

വരെ കല്ലേപ്പുള്ളി സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വച്ച് നടത്തുന്നു. നമ്മുടെ രൂപതയിൽ ചേർന്ന് വൈദിക പഠനം നടത്തുവാൻ ആഗ്രഹിക്കുന്ന ഡിഗ്രി, പ്ലസ് ടു പത്താം ക്ലാസ്സ് പാസ്സായവർക്കും പരീക്ഷയെഴുതിയിരിക്കുന്നവർക്കും സ്വാഗതം. കുട്ടികളെ ക്യാമ്പിൽ പങ്കെടുപ്പിക്കുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

**ഫാ. പീറ്റർ കൊച്ചുപുരയ്ക്കൽ**
റെക്ടർ, സെന്റ് മേരീസ് മൈനർ സെമിനാരി കല്ലേപ്പുള്ളി

# മാതൃസംഘം

**രൂപതാതല ജനറൽബോഡിയും കർമ്മപദ്ധതി പ്രകാശനവും**

2011 ഫെബ്രുവരി 15ന് പാലക്കാട് പാസ്റ്ററൽ സെന്ററിൽവച്ച് രൂപത മാതൃസംഘം ജനറൽബോഡി മീറ്റിംഗ് നടന്നു. 130 പേർ പങ്കെടുത്ത മീറ്റിംഗിൽ രൂപതാ ഡയറക്ടർ സ്വാഗതമാശംസിച്ചു. ഫാ. ജോസ്പോൾ സി.എം.ഐ. ക്ലാസ്സെടുക്കുകയും മാതൃസംഘം പ്രവർത്തന മാർഗ്ഗരേഖ 'കണ്ണികൾ' രൂപതാസെക്രട്ടറി ശ്രീമതി ബീനാ ജോസഫിന് നല്കിക്കൊണ്ട് പ്രകാശന കർമ്മം നിർവ്വഹിക്കുകയും ചെയ്തു. മാതൃസംഘം 2011 വർഷത്തെ പ്രവർത്തന മാർഗ്ഗരേഖ 'കണ്ണികൾ' (links) മാതൃസംഘം രൂപതാ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

**രൂപതാ അഫിലിയേഷൻ**

2011 പ്രവർത്തന വർഷത്തേക്കുള്ള മാതൃസംഘം യൂണിറ്റുകളുടെ അഫിലിയേഷൻ ഫോമും തുകയും മാതൃസംഘം രൂപതാ കേന്ദ്ര ഓഫീസിൽ എത്തിച്ചുവെന്ന് ഉറപ്പാക്കുക.

## പ്രവർത്തന മാർഗ്ഗരേഖ 'കണ്ണികൾ 2011'

**പാരസ്പര്യം 2011 ഫൊറോനകളിൽ**

ഫൊറോനതലത്തിൽ സംഘടിപ്പിക്കുന്ന അമ്മമാരുടെ ഏകദിനസെമിനാറുകൾ, ചർച്ചകൾ, ക്രിയാത്മക പ്രവർത്തനങ്ങൾ,

വിഷയം : ശിഥിലമായിക്കൊണ്ടിരിക്കുന്ന വിവിധമേഖലകളിലെ ബന്ധങ്ങളുടെ പുനഃസൃഷ്ടി.
ഭാരതസഭയിൽ സീറോമലബാർ സഭയുടെ പ്രേഷിത ആഭിമുഖ്യം.

| | | |
|---|---|---|
| 2011 | മാർച്ച് | താവളം ഫൊറോന |
| 2011 | ജൂൺ | പാലക്കാട്, തത്തമംഗലം ഫൊറോനകൾ |
| 2011 | ജൂലൈ | വടക്കഞ്ചേരി ഫൊറോന |
| 2011 | ആഗസ്റ്റ് | കാഞ്ഞിരപ്പുഴ ഫൊറോന |
| 2011 | സെപ്റ്റംബർ | മേലാർക്കോട് ഫൊറോന |
| 2011 | ഒക്ടോബർ | മംഗലംഡാം ഫൊറോന |
| 2011 | ഒക്ടോബർ | പൊന്നംകോട് ഫൊറോന |
| 2011 | നവംബർ | മണ്ണാർക്കാട്, ഒലവക്കോട് ഫൊറോനകൾ |
| 2011 | ഡിസംബർ | ഒറ്റപ്പാലം ഫൊറോന |

ഓരോ ഫൊറോനയിലെയും ഫൊറോന നേതൃത്വം സെമിനാറിന്റെ സ്ഥലവും തീയതിയും മുൻകൂട്ടി തീരുമാനിച്ച് ക്രമീകരിക്കണം.

മാതൃസംഘം യൂണിറ്റുകളുടെ രൂപതാ അഫിലിയേഷൻ അവസാന തീയതി 2011 ഫെബ്രുവരി 28.

**മാർച്ച് 2011**

- ഇടവകകളിൽ അനുരഞ്ജനവേദി രൂപീകരണം.
- തകരുന്ന ബന്ധങ്ങൾ : കാരണങ്ങൾ?
- സ്വാർത്ഥതയുടെ പര്യായമാകുന്ന മനുഷ്യൻ; വിവിധമേഖലകളുടെ അപഗ്രഥനം.
- പിതൃദിനാഘോഷം മാർച്ച് 19
- അന്താരാഷ്ട്ര വനിതാദിനം മാർച്ച് 8
- ആൺ–പെൺ : ലിംഗതുല്യതാവബോധം വളർത്തുക.
- ഏതെങ്കിലും അനാഥാലയ സന്ദർശനം, സഹായഹസ്തം.
- ഫൊറോന എക്സിക്യൂട്ടീവ് മീറ്റിംഗ് ഫൊറോന കേന്ദ്രങ്ങളിൽ

**ഏപ്രിൽ 2011**

- യൂണിറ്റ് അഫിലിയേഷൻ രൂപതയിൽ നടത്തിയെന്ന് ഉറപ്പാക്കുക.
- പക്വതയുള്ള ബന്ധങ്ങൾ വളർത്താൻ മാന്യമായ വസ്ത്രധാരണം.
- സൃഷ്ടി 2011 – മാതൃസംഘം കൈയ്യെഴുത്തുപ്രതി എഡിറ്റോറിയൽ ബോർഡ് രൂപീകരണം.

  തലമുറകളുടെ അപരിഹാര്യമായ വിടവുകൾ

പഠനം : തോബിത്തിന്റെ പുസ്തകം.

**മെയ് 2011**

- കുടുംബ സമ്മേളനയൂണിറ്റുകളിൽ അമ്മമാരുടെ സജീവ സാന്നിദ്ധ്യം
- മെയ് 8 മാതൃദിനാഘോഷം

പഠനം : സ്ത്രീസമത്വവും സ്ത്രീകളുടെ സ്വത്വാവബോധവും.

- വിവാഹ സഹായനിധി അമ്മമാരുടെ നേതൃത്വത്തിൽ
- ദൈവവിളി പ്രോത്സാഹനം അമ്മമാരിലൂടെ



Palakkad Rupatha Bulletin, Bishop's House, Palakkad - 678 004.
Editor: Fr. Jaimon Pallineerakkal, Online Publication: Fr. Shyju Naduvathaniyil

- പക്വബന്ധങ്ങൾക്ക് ഇന്റർനെറ്റ്, മൊബൈൽഫോൺ ഉപയോഗനിയന്ത്രണം.

**ജൂൺ 2011**

- വിശ്വാസ പരിശീലനവേദിയിലെ അമ്മമാരുടെ സാന്നിധ്യം
- ഭവനങ്ങളിലെ ഹോസ്റ്റൽ സംസ്കാരം
- വിദ്യാഭ്യാസ സഹായനിധി തുടങ്ങുക.
- പരിതസ്ഥിതി അവബോധം അമ്മമാരിൽ, പ്രപഞ്ചം 2010 പദ്ധതിയുടെ പരിപാലനം
- മക്കൾക്ക് വസ്ത്രങ്ങളും ആഭരണങ്ങളും തിരഞ്ഞെടുപ്പിൽ അമ്മമാരുടെ പക്വമായ തീരുമാനവും നിർദ്ദേശങ്ങളും.
- കാലഘട്ടത്തിലെ ഫാഷൻഭ്രമവും സ്ത്രീപീഢനങ്ങളും - ബന്ധിതമോ?

**ജൂലൈ 2011**

- ജൂലൈ 30 ശനി മാതൃസംഘം അർദ്ധവാർഷിക ജനറൽ ബോഡി
- അർദ്ധവാർഷിക റിപ്പോർട്ട് അവതരണം
- മാതൃസംഘം യൂണിറ്റുതല ഏകദിനസെമിനാർ, യൂണിറ്റ് രൂപീകരണ ദിനാനുസ്മരണവും മുൻകാല ഭാരവാഹികളെ ആദരിക്കലും.

**ആഗസ്റ്റ് 2011**

- പ്രേഷിതവർഷ ഉദ്ഘാടനം, അമ്മമാർ കുടുംബത്തിലെ പ്രേഷിതശ്രേഷ്ഠ
- പ്രേഷിതാഭിമുഖ്യം കുടുംബത്തിൽ വളർത്താനുതകുന്ന പദ്ധതികൾ
- ആഗസ്റ്റ് 25 മാതൃസംഘം ഫൊറോനതല സാഹിത്യമത്സരങ്ങൾ : മിഷൻ ക്വിസ്, പ്രബന്ധം.
- പ്രബന്ധ വിഷയം : ഭാരതസഭയ്ക്ക് കേരളസഭയുടെ പ്രേഷിതസംഭാവ നകൾ

**സെപ്റ്റംബർ 2011**

- മിഷൻ പ്രസിദ്ധീകരണങ്ങൾ ഭവനത്തിൽ വരുത്തുക, കൈമാറ്റം ചെയ്യുക.
- 2011 സെപ്റ്റംബർ 11 ഞായർ: യൂണിറ്റുതല ചിത്രരചന, പെയിന്റിംഗ് മത്സര ങ്ങൾ യൂണിറ്റിലെ എല്ലാ അമ്മമാർക്കും.
- 2011 സെപ്റ്റംബർ 21 ബുധൻ : മാതൃസംഘം രൂപതാ ഡിബേറ്റ്
- വിഷയം : ഉടയുന്ന ബന്ധങ്ങൾ; ഉത്തരവാദി ആര്?

**ഒക്ടോബർ 2011**

- ഉത്തരവാദിത്വപൂർണ്ണമായ മാതൃത്വവും പിതൃത്വവും
- 2011 ഒക്ടോബർ 5,6 മാതൃസംഘം ഫൊറോന കലാമത്സരങ്ങൾ





- 2011 ഒക്ടോബർ 8 ശനി: 'സൃഷ്ടി 2011' രൂപതയിൽ സമർപ്പിക്കേണ്ട അവസാനതീയതി.
- 2011 ഒക്ടോബർ 26 'ഐക്യോത്സവ് 2011', മാതൃസംഘം രൂപതാ കലാമ ത്സരങ്ങൾ, പാസ്റ്ററൽ സെന്റർ പാലക്കാട്.
- ഒക്ടോബർ 22 ശനിയാഴ്ച 5.p.mന് മുമ്പ് ലിസ്റ്റ് രൂപതയിൽ എത്തിക്കണം.

**നവംബർ 2011**

- 2011 നവംബർ 5 ശനി മാതൃസംഘം രൂപതാതല സാഹിത്യമത്സരങ്ങൾ ക്വിസ്, പ്രബന്ധം, ചിത്രരചന, പെയിന്റിംഗ്.
- ഫൊറോനതല ജനറൽ ബോഡിമീറ്റിംഗ്
- പൂർവ്വിക സൗഹൃദം, മരിച്ചുപോയ മാതൃസംഘാംഗങ്ങൾക്കായി പ്രാർത്ഥന

**ഡിസംബർ 2011**

- 2011 ഡിസംബർ 5 ശനി മാതൃസംഘം താവളം ഫൊറോനായൂണിറ്റുക ളുടെ കലാ-കായിക മത്സരങ്ങൾ (താവളം ഐക്യോത്സവ് 2011) താവളം ഫൊറോനഘടകം ക്രമീകരണങ്ങൾ നടത്തണം.
- 2011 ഡിസംബർ 10 രൂപതാതല ജനറൽബോഡി മീറ്റിംഗ്, ഫൊറോന, യൂണിറ്റ് വാർഷിക റിപ്പോർട്ട് സമർപ്പണം.
- 2011 ഡിസംബർ 27 തിരുക്കുടുംബം
- 2011 ഡിസംബർ 28 കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾ
- രൂപതാതല ജനറൽബോഡി മീറ്റിങ്ങിൽ ഐക്യോത്സവ് 2011 ഒഴികെ യുള്ള മാതൃസംഘം മത്സരങ്ങളുടെ സമ്മാനങ്ങൾ നൽകുന്നതാണ്.

**ഫാ. ജോർജ്ജ് പെരുമ്പിള്ളിൽ**
ഡയറക്ടർ, മാതൃസംഘം

# സീനായ് ധ്യാനകേന്ദ്രം

**പരിശുദ്ധാത്മാഭിഷേക ധ്യാനം**

**2011 മാർച്ച് 6 മുതൽ 11 വരെ, 20 മുതൽ 25 വരെ**

എല്ലാ മാസവും ഒന്നാമത്തെയും മൂന്നാമത്തെയും ഞായറാഴ്ച വൈകുന്നേരം 5 മണിക്ക് ആരംഭിച്ച് വെള്ളിയാഴ്ച രാവിലെ 9 മണിക്ക് അവസാനിക്കുന്നു.

**ഫാ. ജോർജ്ജ് കുന്നേൽ**
ഡയറക്ടർ, സീനായ് ധ്യാനകേന്ദ്രം



**Palakkad Rupatha Bulletin, Bishop's House, Palakkad - 678 004.**
Editor: Fr. Jaimon Pallineerakkal, Online Publication: Fr. Shyju Naduvathaniyil

# സെഹിയോൻ ധ്യാനകേന്ദ്രം.

**ധ്യാനങ്ങൾ**

| **മാസം** | **തീയതി** | **ധ്യാനം നയിക്കുന്നത്** |
|---|---|---|
| മാർച്ച് | 6-11 | വൈദികരുടെ ധ്യാനം.<br>ഫാ. സേവ്യർ ഖാൻ വട്ടായിൽ |
| മാർച്ച് | 13-18 | ആന്തരികസൗഖ്യ വളർച്ചാധ്യാനം.<br>ഫാ. ബിനോയ് കരിമരുതിങ്കൽ |
| മാർച്ച് | 20-25 | ആന്തരികസൗഖ്യ വളർച്ചാധ്യാനം.<br>ഫാ. ബിനോയ് കരിമരുതിങ്കൽ |
| മാർച്ച് 27 ഏപ്രിൽ 1 | | ആന്തരികസൗഖ്യ വളർച്ചാധ്യാനം.<br>ഫാ. ബിനോയ് കരിമരുതിങ്കൽ |

50 രൂപ അടച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രം പ്രവേശനം. രജിസ്റ്റർ ചെയ്യാതെ വരുന്നവരെ ധ്യാനത്തിൽ പ്രവേശിപ്പിക്കുന്നതല്ല. ധ്യാനങ്ങൾ ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണിക്ക് ആരംഭിച്ച് വെള്ളിയാഴ്ച രാവിലെ 8.30 ന് അവസാനിക്കുന്നതാണ്. രജിസ്ട്രേഷൻ സംബന്ധമായ കാര്യങ്ങൾക്ക് ധ്യാനകേന്ദ്രം ഓഫീസുമായി ബന്ധപ്പെടുക.

സമയം : രാവിലെ 9.00 മണിമുതൽ വൈകുന്നേരം 5.00 മണിവരെ.

ഫോൺ : 04924 - 327710

**സെഹിയോൻ ബ്ലോഗ് സന്ദർശിക്കുക**

sehionretratcentre.blogspot.com, sehiontelevision.blogspot.com

Sehion Website : www.sehion.org, www.sehionpriests.org

**വിശുദ്ധനാട് തീർത്ഥാടനം**

സെഹിയോൻ ധ്യാനകേന്ദ്രം നയിക്കുന്ന വിശുദ്ധനാട് തീർത്ഥാടനം 2011 ഏപ്രിൽ 25 മുതൽ മെയ് 4 വരെ. നയിക്കുന്നത് ഫാ. സാജു ഇലഞ്ഞിയിൽ & ബ്ര. സാബു കാസർഗോഡ്. ഫോൺ: 9037828882, 9497668088

**സെഹിയോൻ കൺവെൻഷൻസ്**

മാർച്ച് 06 ഞായറാഴ്ച കോയമ്പത്തൂർ ഗാന്ധിപുരം ലൂർദ്ദ് ഫൊറോന പള്ളിയിൽ വൈകുന്നേരം 4.00 മണിമുതൽ 8.30 വരെ സായാഹ്ന കൺവെൻഷൻ.

മാർച്ച് 20 പാലക്കാട് ഏകദിന ബൈബിൾ കൺവെൻഷൻ മുൻസിപ്പൽ ടൗൺഹാളിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 വരെ.

**ഫാ. സേവ്യർഖാൻ വട്ടായിൽ.**
ഡയറക്ടർ, സെഹിയോൻ ധ്യാനകേന്ദ്രം.





# നവീകരണ മുന്നേറ്റം

പാലക്കാട് സോണൽ ടീമിന്റെ പുനഃസംഘടന കെ.എസ്.ടി.യുടെ നേതൃത്വത്തിൽ 2011 മാർച്ച് 15, 16 തിയ്യതികളിൽ പാലക്കാട് പാസ്റ്ററൽ സെന്ററിൽവച്ച് നടത്തുന്നു. എല്ലാ സോണൽ സബ്സോണൽ പ്രാർത്ഥനാഗ്രൂപ്പ് ലീഡേഴ്സും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. 15-ാം തിയ്യതി 4 മണി മുതൽ 16-ാം തിയ്യതി 3.00 മണിവരെയാണ് പുനഃസംഘടന നടത്തുക. എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

മാർച്ച് 25 വെള്ളിയാഴ്ച രാത്രി 7.30 മുതൽ പിറ്റേന്ന് രാവിലെ 5.00 മണിവരെ പാലക്കാട് കത്തീഡ്രൽ പള്ളിയിൽവച്ച് ജാഗരണപ്രാർത്ഥന ഉണ്ടായിരിക്കുന്നതാണ്. അന്നുതന്നെ രാവിലെ 9.30 മുതൽ ലീഡേഴ്സ് ട്രെയ്നിംഗ് പ്രോഗ്രാം ഉണ്ടായിരിക്കുന്നതാണ്.

**ഫാ. റെനി പുല്ലുകാലായിൽ**
ഡയറക്ടർ, നവീകരണമുന്നേറ്റം.

# സി.എം.എൽ.

| | |
|---|---|
| 2011 മാർച്ച് : | പരിത്യാഗത്തിന്റെ പാതയിൽ |
| 7 തിങ്കൾ | വലിയ നോമ്പ് ആരംഭിക്കുന്നു |
| 12 ശനി | സംസ്ഥാന മാനേജിംഗ് കമ്മിറ്റിയും ഇലക്ഷനും രാവിലെ 10 മണി മുതൽ പി.ഒ.സി. പാലാരിവട്ടം |
| 19 ശനി | വി. യൗസേപ്പിതാവിന്റെ തിരുനാൾ |
| 25 വെള്ളി | മാതാവിന്റെ മംഗളവാർത്ത തിരുനാൾ |
| 27 ഞായർ | ദൈവവിളി ദിനം. അസാധാരണ സമ്മേളനം ദിവ്യകാരുണ്യ സ്വീകരണവും നടത്തുക. |

*പ്രാർത്ഥനാനിയോഗം :*

നീതിക്കുവേണ്ടി പീഢയനുഭവിക്കുന്നവർക്കുവേണ്ടി.

ശാഖാ റിക്കാർഡുകളും ഫയലുകളും പൂർത്തിയാക്കുക.

*സുകൃതജപം :*

വി. യൗസേപ്പേ, കുടുംബങ്ങൾക്ക് കാവൽ ആയിരിക്കണമെ.

**ഫാ. ബിജു കല്ലിങ്കൽ**
ഡയറക്ടർ, സി. എം. എൽ.



**Palakkad Rupatha Bulletin, Bishop's House, Palakkad - 678 004.**
Editor: Fr. Jaimon Pallineerakkal, Online Publication: Fr. Shyju Naduvathaniyil

# പി.എസ്.എസ്.പി.

**ലോക വനിതാ ദിനാഘോഷം**

ലോക വനിതാ ദിനത്തിന്റെ ഭാഗമായി മാർച്ച് 5ന് ശനിയാഴ്ച വനിതാദിനം വിവിധ പരിപാടികളോടെ നടത്തപ്പെടുന്നു. സാംസ്കാരിക ഘോഷയാത്ര (10.30 കോട്ട മൈതാനം മുതൽ പാസ്റ്ററൽ സെന്റർ വരെ). പൊതു സമ്മേളനം 12.30ന് (സാംസ്കാരിക, സാമൂഹ്യ, കായിക രംഗങ്ങളിലെ പ്രമുഖർ പങ്കെടുക്കുന്നു), കലാപരിപാടികൾ (തിരുവാതിരക്കളി, ആദിവാസി നൃത്തം, നാടൻപാട്ടുകൾ, മാർഗ്ഗംകളി, ഡാൻസുകൾ), ജനപ്രതിനിധികളെ ആദരിക്കൽ, ത്രിതല പഞ്ചായത്തു തിരഞ്ഞെടുപ്പിൽ വിജയിച്ച സംഘാംഗങ്ങളെ അനുമോദിക്കൽ), ഏറ്റവും നല്ല റാലി നയിച്ച ബ്ലോക്കിനുള്ള സമ്മാനദാനം, കായിക പ്രതിഭകളെ ആദരിക്കൽ എന്നിവ നടത്തുന്നു.

**സ്ത്രീ ശാക്തീകരണ മേഖല**

**ജില്ലാ വിമൻസ് ഫെഡ് മീറ്റിംഗ്**

2-3-2011 നു ബുധനാഴ്ച ജില്ലാ വിമൻസ് ഫെഡ് മീറ്റിംഗ് പി.എസ്.എസ്.പി. യിൽ വച്ച് 11 മണിക്കു നടത്തുന്നു.

**ബ്ലോക്ക് ഫെഡ് മീറ്റിംഗുകൾ**

| **തിയതി** | **ദിവസം** | **ബ്ലോക്ക്** | **സ്ഥലം** | **സമയം** |
|---|---|---|---|---|
| 09.03.11 | ബുധൻ | മണ്ണാർക്കാട് | കൈതച്ചിറ | 11.00am |
| 10.03.11 | വ്യാഴം | ശ്രീകൃഷ്ണപുരം | കുനിപ്പാറ | 11.00am |
| 11.03.11 | വെള്ളി | ആലത്തൂർ | FCCവടക്കുഞ്ചേരി | 11.00am |
| 11.03.11 | വെള്ളി | കുഴൽമന്ദം | കളപ്പെട്ടി | 02.00pm |
| 12.03.11 | ശനി | ചിറ്റൂർ | പെരുമാട്ടി | 11.00am |
| 14.03.11 | തിങ്കൾ | പാലക്കാട്/മലമ്പുഴ | പി.എസ്.എസ്.പി. | 11.00am |
| 16.03.11 | ബുധൻ | നെന്മാറ | നെന്മാറ പാരിഷ്ഹാൾ | 11.00am |
| 19.03.11 | ശനി | അട്ടപ്പാടി | ഗൂളിക്കടവ് പാരിഷ്ഹാൾ | 11.00am |

**റീജിയണൽ ഓഫീസ് ദിവസം**

| തിയതി | ദിവസം | സ്ഥലം | സമയം |
|---|---|---|---|
| 15.03.11 | ചൊവ്വ | സാൻജോസ്‌വ്വർ | 10.00 am to 3.00pm |
| 16.03.11 | ബുധൻ | നെന്മാറ പാരിഷ്ഹാൾ | 11.00 am to 2.00 pm |
| 17.03.11 | വ്യാഴം | കരിമ്പ പാരിഷ്ഹാൾ | 11.00am to 2.00 pm |
| 19.03.11 | ശനി | ഗൂളിക്കടവ് പാരിഷ്ഹാൾ | 11.00am to 2.00 pm |

**LIC Micro Insurance.**

സാധാരണക്കാർക്ക് ദീർഘ വീക്ഷണത്തോടെ ഒരു സമ്പാദ്യം മുന്നിൽ





കണ്ടുകൊണ്ട് കുറഞ്ഞ പ്രീമിയത്തിൽ ഒരു നിക്ഷേപ പദ്ധതി (ജീവൻ മധുർ) LIC മൈക്രോ ഇൻഷൂറൻസുമായി ചേർന്ന് പി.എസ്.എസ്.പി. നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്നു. ചേരാനാഗ്രഹിക്കുന്നവരും ഏജന്റായി പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്നവരും പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**വിവിധ തൊഴിൽ പരിശീലനങ്ങൾ**

**നിത്യോപയോഗ സാധനങ്ങളുടെ ഉല്പാദനവും വിപണവും**

സോപ്പുകൾ, സോപ്പ് ഉല്പന്നങ്ങൾ, ഫിനോയിൽ, ഹാർപ്പിക്, ചന്ദനത്തിരി, പെയിൻ ബാം, തുള്ളിനീലം എന്നിങ്ങനെ 12 തരം ഉല്പന്നങ്ങളുടെ നിർമ്മാണവും വിപണന സാദ്ധ്യതകളും എന്ന വിഷയത്തിൽ 40 പഠിതാക്കളുള്ള സ്ഥലങ്ങളിൽ വന്ന് 2 ദിവസത്തെ പരിശീലനം നൽകുന്നു. **മാർച്ചുമാസത്തെ പരിശീലനം** : മാർച്ച് 23, 24 തിയ്യതികളിൽ ചിറ്റിലഞ്ചേരിയിൽ

**കുടനിർമ്മാണം**

2 ഫോൾഡ്, 3 ഫോൾഡ് കുടകളുടെ നിർമ്മാണം 20 പഠിതാക്കളുള്ള സ്ഥലങ്ങളിൽ വന്ന് ഒരു ദിവസം കൊണ്ടു പരിശീലിപ്പിക്കുന്നു. വിവരങ്ങൾക്ക് പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**മെഡിക്ലെയിം**

ആശുപത്രിയിൽ കിടന്നു ചികിത്സിക്കുമ്പോൾ ചെലവാകുന്ന സംഖ്യ മടക്കി ലഭിക്കുന്ന ഒരു മെഡി ക്ലെയിം പദ്ധതി ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് പി.എസ്.എസ്.പി. നടത്തിവരുന്നു. ഒരു വർഷത്തേക്ക് ഒരു വ്യക്തിക്ക് 300 രൂപയും 5 പേരടങ്ങുന്ന കുടുംബത്തിന് 450 രൂപയും 7 പേരടങ്ങുന്ന കുടുംബത്തിന് 600 രൂപയുമാണ് പ്രീമിയം. വർഷം 30000 രൂപ വരെ ആനുകൂല്യം ലഭിക്കും. 20 വയസ് കഴിഞ്ഞ ആൺകുട്ടികളേയും, വിവാഹം കഴിഞ്ഞ പെൺകുട്ടികളെയും പദ്ധതിയിൽ ഉൾപ്പെടുത്തുന്നതല്ല. കൂടുതൽ വിവരങ്ങൾക്ക് പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

# KERALA LABOUR MOVEMENT (KLM)

കെ.സി.ബി.സി. ലേബർ കമ്മീഷനു കീഴിൽ പ്രവർത്തിക്കുന്ന കേരള ലേബർ മൂവ്മെന്റിന്റെ പാലക്കാട് രൂപതയിലെ ആദ്യശാഖകൾ വടക്കഞ്ചേരി ഫൊറോനയിലെ വചനഗിരി, വാൽകുളമ്പ് ഇടവകകളിൽ സ്ഥാപിതമായി. നിർമ്മാണതൊഴിലാളികൾ, തയ്യൽതൊഴിലാളികൾ, ചെറുകിട (റബ്ബർ), തോട്ടം തൊഴിലാളികൾ, കൈത്തൊഴിലാളി - വിദഗ്ദ്ധ തൊഴിലാളികൾ (കൂലിപ്പണിക്കാർ) തുടങ്ങിയ വിവിധ തൊഴിൽ മേഖലകളിൽ പണിയെടുക്കുന്നവർക്കുള്ള സാമൂഹ്യ-സാമ്പത്തിക സുരക്ഷക്കായി സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള ക്ഷേമനിധികളുടെ ഗുണഭോക്താക്കളാകുവാൻ ഇത്തര

ക്കാർക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. അതിനായി ഓരോ ഇടവകയിലും കെ.എൽ.എം.ന്റെ യൂണിറ്റ് സ്ഥാപിക്കുകയും അതിന്റെ കീഴിൽ വിവിധ തൊഴിലാളി ഫോറങ്ങൾ രൂപീകരിക്കുകയുമാണ് ചെയ്തുവരുന്നത്.

**മാർച്ച്മാസത്തിൽ യൂണിറ്റ് രൂപീകരണം നടത്തുന്ന ഇടവകകൾ:**

| | |
|---|---|
| 13.03.2011 | നെന്മാറ |
| 20.03.2011 | ഇളവംപാടം, സ്നേഹഗിരി |
| 27.03.2011 | മംഗലംഡാം |

**ഫാ. ജേക്കബ് മാവുങ്കൽ**
എക്സി. സെക്രട്ടറി, പി.എസ്.എസ്.പി.





# From the Bishop's Diary

**2011 ജനുവരി**

27 – പാലക്കാട് സെന്റ് റാഫേൽസ് കത്തീഡ്രൽ സ്കൂളിന്റെ രജതജൂബിലി സമാപനത്തോടനുബന്ധിച്ച പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു.

28 – ജയമാത കോളേജ്ഡേയോട് അനുബന്ധിച്ചുള്ള പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു.

29 – കടമ്പൂർ സെന്റ് ഫ്രാൻസിസ് ഓഫ് അസ്സീസി ദൈവാലയത്തിൽ ഇടവകദിനത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. പൊതുസമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

30 – അകത്തേത്തറ സെന്റ് തോമസ് അക്വീനാസ് ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

31 – അരമനയിൽ നടത്തിയ യുവക്ഷേത്രയുടെ ട്രസ്റ്റി മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

**2011 ഫെബ്രുവരി**

1 – വള്ളിയോട് സെന്റ്മേരീസ് പോളി ടെക്നിക്കിനുവേണ്ടിയുള്ള കെട്ടിടത്തിന്റെ ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ചു.

– പുനഃർനിർമ്മിച്ചുകൊണ്ടിരിക്കുന്ന കുളക്കാട്ടുകുർശ്ശി സെന്റ് ജെയിംസ് ദൈവാലയം സന്ദർശിച്ചു.

– പുലാപ്പറ്റ ഹോളിക്രോസ് ദൈവാലയത്തിൽ ഡോട്ടേഴ്സ് ഓഫ് ഡിവൈൻ പ്രൊവിഡൻസ് സന്യാസസമൂഹത്തിലെ സി. സിസീലിയുടെ നിത്യവ്രതവാഗ്ദാന ശുശ്രൂഷാകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

2 – പാലക്കാട് കാണിക്കമാത സ്കൂളിന്റെ സുവർണ്ണ ജൂബിലി സമാപന സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

3 – തൃശ്ശൂർ മേരിമാത മേജർ സെമിനാരിയിൽ നടത്തപ്പെട്ട ഇന്റർകൂരിയ സമ്മേളനത്തിൽ സംബന്ധിച്ചു.

4 – പാസ്റ്ററൽ സെന്ററിൽ പി.എസ്.എസ്.പി. സംഘടിപ്പിച്ച സേവ് എ ഫാമിലി ഗുണഭോക്താക്കളുടെ സമ്മേളനം ഉദ്ഘാടനം ചെയ്തു.

- തമ്മനം, കാരണക്കോടം സെന്റ് ജൂഡ് ദൈവാലയത്തിന്റെ തിരുനാളിനോടനുബന്ധിച്ച് സന്ദേശം നൽകി.

5 - രൂപതയിലെ വിവിധ സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

6 - പെരിന്തൽമണ്ണ സെന്റ് അൽഫോൻസ ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

7 - ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ ഭാരത സന്ദർശനത്തിന്റെ രജതജൂബിലിയോടനുബന്ധിച്ച് എറണാകുളത്ത് നടത്തപ്പെട്ട പരിപാടികളിൽ സംബന്ധിച്ചു.

- കെ.സി.ബി.സി. സമ്മേളനത്തിൽ സംബന്ധിച്ചു.

8 - കാക്കനാട് മൗണ്ട് സെന്റ് തോമസിൽ കാറ്റികിസം കമ്മീഷൻ മീറ്റിംഗിൽ സംബന്ധിച്ചു.

9–10 മംഗലപ്പുഴ സെമിനാരി കമ്മീഷൻ ചെയർമാൻ എന്ന നിലയിൽ സെമിനാരി സന്ദർശിച്ചു.

- ചേർത്തല സെന്റ് മേരീസ് ഗേൾസ് ഹൈസ്ക്കൂളിന്റെ വാർഷികദിനാഘോഷത്തോടനുബന്ധിച്ചുള്ള പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു.

11 - ക്ഷയരോഗ നിയന്ത്രണവും നിർമ്മാർജ്ജനവും ലക്ഷ്യമാക്കി പാലന ആശുപത്രിയിൽ ആരംഭിച്ച പരിപാടികൾ ഉദ്ഘാടനം ചെയ്തു.

- പാലക്കാട് എഫ്.സി.സി. പ്രൊവിൻസിലെ സി. ഗോഡ്ഫ്രീയുടെ മൃതദേഹ സംസ്ക്കാര ശുശ്രൂഷകൾക്ക് മംഗലംഡാമിൽ കാർമ്മികത്വം വഹിച്ചു.

12 - രൂപതയിലെ വിവിധ സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

13 - പരുത്തിക്കാട് പാദുവ റീ-ഹാബിലിറ്റേഷൻ സെന്ററിന്റെ ഒമ്പതാം വാർഷികാഘോഷ പരിപാടികൾ ഉദ്ഘാടനം ചെയ്തു.

15 - താവളം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ സിസ്റ്റേഴ്സിന്റെ ധ്യാനത്തിൽ സംബന്ധിച്ചിവർക്ക് സന്ദേശം നൽകി.

17–18 പാസ്റ്ററൽ സെന്ററിൽവച്ച് നടത്തപ്പെട്ട ജൂനിയർ പ്രീസ്റ്റ്സ് ഗാതറിംഗിൽ സംബന്ധിച്ചു.

19 - കൊല്ലങ്കോട് സെന്റ് ജോസഫ് ദൈവാലയത്തിൽ ഇടവകദിനത്തോ





ടനുബന്ധിച്ച് വി.കുർബാനയർപ്പിച്ച് സന്ദേശം നൽകി. പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു.

20 - പൊമ്പ്ര സെന്റ് ആന്റണീസ് ഇടവകയുടെ രജതജൂബിലി ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ട് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

- കേരളശ്ശേരി ഇമ്മാക്കുലേറ്റ് ഹാർട്ട് ഓഫ് മേരി ദൈവാലയം സന്ദർശിച്ചു.

- വാഹനാപകടത്തിൽ മരിച്ച ഡോട്ടേഴ്സ് ഓഫ് ഡിവൈൻ പ്രൊവിഡൻസ് സന്യാസസമൂഹത്തിലെ സി. മരിയ മിഖേലയുടെ മൃതദേഹ സംസ്ക്കാര ശുശ്രൂഷകൾക്ക് പാലക്കാട് ചന്ദ്രനഗർ മഠം കപ്പേളയിലും തുടർന്ന് പുലാപ്പറ്റ ഹോളിക്രോസ് ഇടവക ദൈവാലയത്തിലും കാർമ്മികത്വം വഹിച്ചു.

21 - പാലക്കാട് ജെയ്ക്രിസ്റ്റോ പ്രൊവിൻസിലെ സി. ഈഡിത്ത് സി. എം.സിയുടെ മൃതദേഹ സംസ്ക്കാര ശുശ്രൂഷകൾക്ക്കാർമ്മികത്വം വഹിച്ചു.

22 - കോട്ടപ്പുറം അരമനയിൽ പുതിയ രൂപതാദ്ധ്യക്ഷനെ സന്ദർശിച്ചു.

- വരാപ്പുഴ അരമനയിൽ ആർച്ചുബിഷപ്പ് ഫ്രാൻസിസ് കല്ലറയ്ക്കലിനെ സന്ദർശിച്ച് കെ.സി.ബി.സി. ഹെൽത്ത് കമ്മീഷൻ സംബന്ധിച്ച കാര്യങ്ങൾ ചർച്ചചെയ്തു.

- പാലാരിവട്ടം പി.ഒ.സിയിൽവച്ച് കാത്തലിക് ഹോസ്പിറ്റൽ അസ്സോസിയേഷന്റെ കമ്മിറ്റി അംഗങ്ങളുമായി ചർച്ച നടത്തി.

24 - കല്ലേറ്റുങ്കര PACSൽ നടന്ന മാർ ജെയിംസ് പഴയാറ്റിൽ പിതാവിന്റെ ജൂബിലിയാഘോഷത്തോടനുബന്ധിച്ചുള്ള വി. കുർബാനയിലും സമ്മേളനത്തിലും സംബന്ധിച്ചു.

25 - കോട്ടയത്ത് മാർ കുര്യാക്കോസ് കുന്നശ്ശേരി പിതാവിനെ സന്ദർശിച്ചു.

- വടവാതൂർ സെമിനാരിയിൽ പഠിക്കുന്ന വൈദികവിദ്യാർത്ഥികളെ സന്ദർശിച്ചു.

- കോട്ടയം നെഹ്റു സ്റ്റേഡിയത്തിൽ സെഹിയോൻ ധ്യാനകേന്ദ്രത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട അഭിഷേകാഗ്നി ബൈബിൾ കൺവെൻഷനിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.



**Palakkad Rupatha Bulletin, Bishop's House, Palakkad - 678 004.**
Editor: Fr. Jaimon Pallineerakkal, Online Publication: Fr. Shyju Naduvathaniyil